# സൗഹൃദം



2018-19

## JAYASREE HSS KALLUVAYAL




# സൗഹൃദം

**ജയശ്രീ ഹയർ സെക്കണ്ടറി സ്കൂൾ**

**സ്കൂൾ ഡിജിറ്റൽ മാഗസിൻ**

**2018-19**

# ആമുഖം

വർണ്ണങ്ങളും വർണ്ണരേഖകളും, മാറ്റങ്ങളും മാറ്റൊലികളും കൊണ്ട്

കാലത്തിന്റെ നേർരേഖ പോലെ കാലപ്രവാഹത്തിനെതിരെ തുഴയുമ്പോഴും

പ്രത്യാശയുടേയും പ്രതീക്ഷയുടേയും പൂമൊട്ടുകൾ വിരിയുന്നു.

പറയാനും പറഞ്ഞറിയിക്കാനും ഏറെയുണ്ട്................

വാക്കുകൾ മൂർച്ചയുള്ള ശരങ്ങളാകുമ്പോൾ...................

കാലം മാറ്റത്തിന് കാതോർക്കുകയാണ്.

താളുകൾ മറിക്കുമ്പോൾ, സർഗസൃഷ്ടിയുടെ പുതിയൊരു ലോകം

ഉണരുകയായ്.............

വിരൽതുമ്പിലൊതുക്കുന്ന കാഴ്ചകളുടെ ലോകം ഉണരുമ്പോൾ ...............

നവോന്മഷത്തിന്റെ അലകളായും, ചിത്രശലഭങ്ങളായും ഞങ്ങൾ പറന്നുയരുന്നു.........

**– എഡിറ്റോറിയൽ ബോർഡ്**

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| കെ.റാണി വർഗീസ് | - ഹെഡ്മിസ്ട്രസ് |
| കെ.പി.ഗോവിന്ദൻകുട്ടി നായർ | - എസ്.ആർ.ജി.കൺവീനർ |
| ഗായത്രി സുരേഷ് | - സ്കൂൾ ലീഡർ |
| അരവന്ദ് സി.എസ് | - സ്കൂൾ മാഗസിൻ എഡിറ്റർ |
| കെ.കെ.ഷിജിത് കുമാർ | -വിദ്യാരംഗം കൺവീനർ |
| എൻ.എൻ. ചന്ദ്രബാബു | - സ്റ്റാഫ് സെക്രട്ടറി. |
| കെ.ജി.സുകുമാരൻ | - സീനിയർ അദ്ധ്യാപകൻ |
| എൻ.എസ്.ജെസ്സി | - പ്രധാന മലയാളം അദ്ധ്യാപിക. |
| കെ.എസ്സ്.സുജ | - പ്രധാന ഹിന്ദി അദ്ധ്യാപിക |
| ജിഷ എൻ.ആർ | _ ചിത്രകല  അദ്ധ്യാപിക. |
| ഹന്ന പർവ്വീൺ | - ലിറ്റിൽ കൈറ്റ് ലീഡർ |
| ടെസി രാജൻ | - ലിറ്റിൽ കൈറ്റ് ജോയിന്റ് ലീഡർ |
| വി.രവീന്ദ്രൻ | - എസ്.ഐ.റ്റി.സി. |
| ദീപ്തി ദാമോദരൻ | - കൈറ്റ് മിസ്ട്രസ്. |
| പി.ആർ.സുരേഷ് | – കൈറ്റ് മാസ്റ്റർ. |

# സ്ഥാപക മാനേജർ



## ശ്രീ.സി.കെ.രാഘവൻ

# ചരിത്രം

കല്ലുവയൽ ജയശ്രീ ഹയർസെക്കണ്ടറി സ്കൂൾ സ്ഥാപിതമായത് 1976-ലാണ്.വയനാടിന്റെ സാമൂഹിക രംഗത്ത് നിറസാന്നിദ്ധ്യമായിരുന്ന ശ്രീ സി.കെ രാഘവനാണ് ഈ വിദ്യാലയം സ്ഥാപിച്ചത് . ഈ വിദ്യാലയം 1982 ൽ ഹൈസ്കൂളായും 2001 ൽ ഹയർസെക്കണ്ടറിയായും ഉയർത്തപ്പെട്ടു. ഇപ്പോൾ ഈ വിദ്യാലയത്തിൽ 1300-ൽ അധികം കുട്ടികൾ പഠിക്കുന്നു. ഈ വിദ്യാലയത്തിൽ 64 അധ്യാപകരും 9 അധ്യാപകേതര ജീവനക്കാരും ജോലിചെയ്യുന്നു. 1983 മുതൽ ഈ വിദ്യാലയം SSLC പരീക്ഷയിൽ ഉന്നതനിലവാരം പുലർത്തുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി SSLC പരീക്ഷയിൽ 100% വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് വേണ്ടി എല്ലാ സൗകര്യങ്ങളും ഒരുക്കിത്തരുന്ന മികച്ച മാനേജ്മെന്റ്, PTA ,പ്രിൻസിപ്പാൾ, ഹെഡ്മിസ്ട്രസ്, അധ്യാപകർ, അധ്യാപകേതര ജിവനക്കാർ എന്നിവരുടെ കൂട്ടായ്മയും ഈ വിദ്യാലയത്തിന്റെ പഠന നിലവാരം ഉയർത്തുന്നതിൽ പ്രധാനഘടകങ്ങളായി വർത്തിക്കുന്നു. കലാ-കായിക രംഗങ്ങളിൽ മികച്ചനിലവാരം പുലർത്തുന്ന ഈ വിദ്യാലയം ഒട്ടനവധി കലാകായിക പ്രതിഭകളെ സൃഷ്ടിച്ചിട്ടുണ്ട്.

കൂടാതെ,സറ്റുഡന്റ്പോലീസ്,സ്കൗട്ട്&ഗൈഡ്,റെഡ്ക്രോസ്,ലിറ്റിൽകൈറ്റ്സ്, എൻ.എസ്.എസ്,വിദ്യാരംഗംകലാസാഹിത്യവേദി,ട്രാഫിക് ക്ലബ്ബ്,ശാസ്ത്രക്ലബ്ബുകൾ എന്നിവ ഇവിടെ പ്രവർത്തിച്ച് വരുന്നു. കംപ്യൂട്ടർ ലാബ് [UP, HS],ലൈബ്രറി,സ്കൂൾ സഹകരണസംഘം,സയൻസ് ലാബ് എന്നിവയും ഈ സ്കൂളിൽ നന്നായി പ്രവർത്തിക്കുന്നു. ഈ വിദ്യാലയത്തിന്റെ സഹോദരസ്ഥാപനമായ സി.കെ രാഘവൻ മെമ്മോറിയൽ കോളേജ് ഓഫ് ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് [റ്റി.റ്റി.ഐ] ജയശ്രീ ആട്സ് & സയൻസ് കോളേജ് എന്നിവ പ്രവർത്തിക്കുന്നു. ഇനിയും ഈ വിദ്യാലയം ഉയരങ്ങളിലെത്താൻ നമുക്ക് കൈകോർക്കാം.

# ആശംസകൾ



അക്ഷരങ്ങളാൽ വിരചിതമാകുന്ന കൃതികൾ എക്കാലത്തും സമൂഹത്തിന്റെ കെടാവിളക്കുകളാകുന്നു. ഉത്തമമായ വായന വിജ്ഞാനവും വിനോദവും സംസ്കാരവും കർമ്മപ്രചോദനവും പ്രദാനം ചെയ്യുന്നു. ജയശ്രീ സ്കൂളിന്റെ 2018-19 ലെ *സൗഹൃദം* മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

എന്ന്,

**കെ.ആർ. ജയറാം**

**മാനേജർ**

**ജയശ്രീHSS കല്ലുവയൽ.**

# ആശംസകൾ



ജയശ്രീ ഹയർ സെക്കണ്ടറി സ്കൂളിലെ കൈറ്റ് കൂട്ടായ്മ ഒരുക്കുന്ന ***സൗഹൃദം*** ഡിജിറ്റൽ മാഗസിൻ എന്ന നവസംരംഭം ഏറെ ശ്രദ്ധേയവും വിദ്യാർത്ഥികൾക്ക് ഉപകാരപ്രദവും ആകട്ടെ എന്ന് ആശംസിക്കുന്നു. മാതൃകാപരമായ ഈ ഉദ്യമത്തിന് മുൻകൈ എടുത്ത് പ്രവർത്തിക്കുന്ന ശ്രീ സുരേഷ് സാറിനും മറ്റു കൂട്ടുകാർക്കും എല്ലാ വിധ അഭിനന്ദനങ്ങളും നേരുന്നു...

**കെ.ആർ ജയരാജ്**

**പ്രിൻസിപ്പാൾ**

# MESSAGE



I have immense pleasure to know that our school is in the work of publishing school magazine namely *Souhradam* .And also I am happy to see that little kites members kite master and,kite mistress are leading this work .I am sure this magazine will reflect the creativity of students. Enthusiasm is the fuel of life, it helps you to get where you're going. So be positive and enthusiastic in all your works. Best wishes for this great work.

**K.Rani Varghese.**

**Headmistress**

## ആശംസകൾ

ജയശ്രീ ഹയർ സെക്കണ്ടറി സ്കൂളിന്റെ 2018-2019 അധ്യയന വർഷത്തിൽ Little KITE ൻറെ നേതൃത്വത്തിൽ സ്കൂൾ മാഗസിൻ ഇറക്കുന്നതിൽ സ്കൂൾ രക്ഷാകതൃസമിതിയുടെ സന്തോഷം അറിയിക്കട്ടെ. വിദ്യാർത്ഥികളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യം വച്ച് സ്കൂൾതലത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് Kerala Infrastructure and Technology for Education (KITE). കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അക്ഷരക്കൂട്ടങ്ങളെ കോർത്തിണക്കി താളുകളിൽ ഭാവന വിടർത്തുവാൻ അവസരം ഒരുക്കിയ Little KITE ന്റെ പ്രവർത്തകർക്കും സ്കൂൾ അധികാരികൾക്കും, അദ്ധ്യാപകർക്കും,കുട്ടികൾക്കും, സ്കൂൾ മാഗസിനും രക്ഷാകർതൃസമിതിയുടെ പിന്തുണയും ആശംസകളും നേരുന്നു.



**ഷാജി പനച്ചിക്കൽ**
PTA പ്രസിഡന്റ്

## കലാകേരളത്തിന് ജയശ്രീയുടെ സംഭാവന



**2018-19 സംസ്ഥാന സ്കൂൾ കലോൽസവത്തിൽ കേരള നടനത്തിൽ ഒന്നാം സ്ഥാനവും A ഗ്രേഡും, കുച്ചുപ്പുടിയിൽ A ഗ്രേഡും നേടിയ പത്താംതരം വിദ്യാർത്ഥി മാസ്റ്റർ നിവേദ് ഷാജി.**

# ഉള്ളടക്കം

സൗഹൃദം....................................................................................................14
ആ തണുത്ത രാത്രി......................................................................................15
കെമിസ്ട്രി.....................................................................................................17
അമ്മ............................................................................................................18
BREAKING OF HUMAN CHAIN......................................................................20
ആഗ്രഹം.......................................................................................................21
അകലെ........................................................................................................24
ശ്രീനാരായണഗുരു........................................................................................25
താക്കീത് - വഞ്ചിപ്പാട്ട്...................................................................................27
A Bag Of Oranges........................................................................................28
ദുരിതം.........................................................................................................30
പ്രകൃതി.......................................................................................................31
DEATH........................................................................................................32
എന്റെ വീട്ടു മുറ്റത്തെ പക്ഷി.........................................................................33
വില്ല്യം ഷെയ്ക്ക്സ്പിയർ [1564-1616]...............................................................34
പൂമ്പാറ്റ.......................................................................................................36
पृक्ती मे मानव का अतीक्म.................................................................................37
ENVIRONMENTAL POLLUTION.......................................................................38
സാന്ത്വന പരിചരണത്തിന്റെ ആവശ്യകഥ......................................................39
താരാട്ടിന്റെ ഓർമ്മകൾ..................................................................................41
കാത്തിരിക്കുന്ന ഞാൻ.................................................................................43
മഴവെള്ളസംഭരണവും ഉപയോഗവും............................................................46
ഒരു ബാലന്റെ ജീവിതം...............................................................................48
അമ്മ............................................................................................................49
വിദ്യാലയം...................................................................................................51
THOUGHTS..................................................................................................52
കേരളം ദൈവത്തിന്റെ സ്വന്തം നാടോ??.......................................................53
വൃദ്ധതൻനൊമ്പരം.......................................................................................54
ഇരുളിന്റെ മറവിൽ......................................................................................56
*IMPORTANCE OF LITERACY*.........................................................................57
കൺതുറക്കൂ..................................................................................................60
സ്റ്റെല്ലയുടെ കഥ...........................................................................................61
വിദ്യാലയം...................................................................................................64
NATURE IN THE MIDDLE OF POLLUTIONS.....................................................65
പറയുവാനാവാതെ.......................................................................................66
പഴഞ്ചൊല്ലുകൾ............................................................................................67
വിദ്യാലയം...................................................................................................68

സ്നേഹിച്ചതും സനേഹിക്കാൻ പഠിപ്പിച്ചതും.....69
പുഴ.....70
തേങ്ങുന്ന കൊലുസ്സുകൾ.....71
Work While you work.....76
വിദ്യാലയം ഒരു ഓർമ്മ.....77
വർഷകാലം.....78
വൈകി വന്ന വിവേകം.....79
ആരവങ്ങളുടെ അതിമധുരം _ യാത്രാ വിവരണം.....85
വറുതിക്കൊരു ശമനം.....90

## സൗഹൃദം

ആ കർക്കടപ്പെരുമഴക്കാലത്തൊഴുകും  കർക്കടച്ചാലിൽ
നീരാടിയപ്പോൾ  കണ്ണീരൊഴുക്കി
വാതിൽക്കൽ നിന്നു ഞാൻ
വിദ്യാലയമാം ഗൃഹത്തിൻ  മുൻപിൽ ഗുരുക്കളാൽ
ആശ്വസിക്കപ്പെട്ട എന്നിൽ
തീർന്നില്ല  ദുഃഖം കാൽഭാഗം



മിച്ചം! കണ്ണനീരെന്നപോൽ
ഒഴുകും  നീർച്ചാലിനെ
പനിനീരാക്കി  മാറ്റിയന്നവൾ
പിന്നീടെനിക്കെന്റെ
ദുഃഖസന്തോഷങ്ങൾ
പങ്കുവെയ്ക്കാനുള്ള ചേച്ചിയായി
വഴക്കുകൂടാനും കൂടെക്കളിക്കുവാനും-
മുള്ളൊരു കൊച്ചുപാവയായവൾ
എൻെ്റ  പരാജയം വിജയക്കരുവാക്കി
മാറ്റി അവളെൻ ഉപദേശകയായി
പിന്നീടെൻ സംശയത്തിന്നുത്തരം നൽകും
അവളെനിക്കെൻ അധ്യാപികയായി
എപ്പോഴുമെൻകൂടെ നേർവ്വഴി കാട്ടിയ
അവളെനിക്കെൻെറ എല്ലാമായി
അവസാനമാപ്പടിയിറങ്ങുന്നേരം......
കണ്ണീരൊഴുക്കി അവളെന്നെ നോക്കുന്നേരം......
അവളെൻെറ ആത്മാർത്ഥ മിത്രമായി
ഒരിക്കലും മായാത്ത മിത്രമായീ........



കല്ല്യാണി പി.എസ് ,8.സി

# ആ തണുത്ത രാത്രി.....



കനത്ത മഞ്ഞുള്ള ഒരു രാത്രി ശരീരമാകെ മരവിപ്പിക്കുന്നതായി എനിക്ക് തോന്നി. കൈകൾ കൂട്ടിത്തിരുമ്മി തണുപ്പിന്റെ കാഠിന്യം കുറക്കാൻ ഞാൻ പരമാവധി ശ്രമിച്ചു. പല്ലുകൾ കൂട്ടിയിടിക്കുന്നു, വിറക്കുന്നു. അവിടെ ആകെ നിശബ്ദത. എന്റെ ഒപ്പം ഹെന്നയുമുണ്ട്. അവൾ തണുപ്പിന്റെ സുഖത്താൽ നിദ്രയിലാണ്ടുപോയി. എനിക്ക് ഉറക്കം ഒട്ടും ഇല്ല. ഞാൻ അങ്ങോട്ടും ഇങ്ങോട്ടും അലഞ്ഞു നടന്നു. നിശബ്ദതയാൽ..........

പെട്ടന്നതാ പുറത്തുനിന്നും ഒരു ശബ്ദം. എന്റെ കാതുകളിൽ മെല്ലെ വന്നു പതിഞ്ഞു. ഇതു വരേ കേട്ടിട്ടില്ലല്ലോ ഈ ശബ്ദം, ഞാൻ ചിന്തിച്ചു. പിന്നേയും അതാ ഒരു ശബ്ദം, ഞാൻ പതുക്കെ മുന്നോട്ട് നീങ്ങി പക്ഷേ എനിക്ക് ഒരു ഭയം. ഹോസ്റ്റലിന്റെ കുറച്ചപ്പുറത്ത് പ്രേതശല്യമുണ്ടെന്ന് ഹെന്ന പറഞ്ഞതായി ഞാൻ ഓർക്കുന്നു. ഞാൻ സമയം നോക്കി........രാത്രി പന്ത്രണ്ട് മണി കഴിഞ്ഞിരിക്കുന്നു......... പിന്നേയും ഞാൻ ചിന്തിച്ചു... ഞാൻ ജനലിന്റെ ഒരു പാളി തുറന്നു.....ഹ ഹ...... നല്ല തണുത്ത കാറ്റ് അകത്തേക്ക് കയറി തണുപേറ്റ് ഞാൻ വിറച്ചുപോയി.... ഞാൻ ശബ്ദത്തിന്റെ കാര്യമേ മറന്നു പോയി.....അങ്ങനെ ഞാൻ ഉറങ്ങാൻ ശ്രമിച്ചു. അപോഴതാ പിന്നേയും ശബ്ദം.ഞാൻ ധൈര്യം സംഭരിച്ച് പുറത്തേക്കിറങ്ങി നോക്കാൻ ശ്രമിച്ചു. ടോർച്ച് വെട്ടം അങ്ങകലേക്ക് പോകുന്നു.... അവിടെ അതാ ഒരു ഭയാനകമായ എന്തോ.... ഞാൻ ഒരടി മുമ്പിലേക്ക് പോയി..... പെട്ടന്ന് ഒരു കറുത്ത

നിഴൽ പോലെ ടോർച്ചിന്റെ വെട്ടത്തിൽ ഞാൻ കണ്ടു. എന്റെ മനസ്സിലേക്ക് ഒരു ഉൾഭയം ഓടി വന്നു.എന്തെന്നില്ലാതെ ഞാൻ അവിടെ നിന്നും ഞാൻ അനങ്ങിയില്ല. കണ്ണടച്ച ഞാൻ ഒരു നിമിഷം ആ തണുപ്പിൽ നിന്നു. എന്റെ ഉള്ളിൽ ഭയം കൂടി.ഞാൻ വേഗം വാതിലുമടച്ച് റൂമിൽ ചെന്നു പെട്ടന്ന് കട്ടിലിൽ വന്നിരുന്നു. ഞാൻ ഭയത്താൽ നല്ലതുപോലെ കിതക്കുന്നുണ്ടായിരുന്നു. ഞാൻ പെട്ടന്ന് കട്ടിലിലേക്ക് ചാഞ്ഞു. പുതപ്പ് കൊണ്ട് തലയാകെ മൂടി കിടന്നു............ ഞാൻ അതിനുള്ളിൽ നിന്നും ചെവി തുറന്നു വെച്ചു ആ ശബ്ദം ഉണ്ടോ എന്ന്, ഇല്ലാ എന്ന സമാധാനത്തോടെ കിടക്കാൻ മനസ്സുവരുന്നില്ല.

ഞാൻ പുതപ്പ് പതിയെ പൊന്തിച്ചു നോക്കി ..... പൂർണനിശബ്ദത.... ഹെന്ന ഇതൊന്നും അറിഞ്ഞിട്ടില്ല. സമയം ഒരു മണി, ഉറക്കം വരുന്നേയില്ല. കുറച്ച് നേരം ഫോണിൽ തോണ്ടിയിരുന്നു. ആ ശബ്ദം ഞാൻ മറന്നിട്ടില്ല. കുറേ നേരം പുസ്തകം വായിച്ചു. അപ്പോഴും എന്റെ കാതിൽ ആ ശബ്ദം ഉള്ളതുപ്പോലെ. എല്ലാം എന്റെ തോന്നലാണ് എന്ന ഒരു സമാധാനത്തിൽ ഞാൻ പതിയേ കണ്ണുകൾ അടച്ചു ഉറക്കത്തിലേക്ക് പാഞ്ഞു.... എന്റെ മനസ്സ് ആ ശബ്ദത്തിൽ നിന്നും എങ്ങോട്ടോ ഓടി മറഞ്ഞു..... ഞാൻ നിദ്രയിലാണ്ടു..... എന്റെ തോന്നൽ എന്ന സമാധാനവും ..... ഉറക്കത്തിൽ ഞാൻ പുതച്ചു മൂടിയതിനാൽ തണുപ്പും ഓടി അകന്നു ഞാൻ സുഖത്താൽ സ്വപ്നം കണ്ടു ചായുന്നു.....



**ഫിൻസിയ ഫാത്തിമ, 8.ഡി**

# കെമിസ്ട്രി

വിഷയമെ നീ എന്തിനീ ക്രൂരത
എന്നോട് ചെയ്യുന്നിടുന്നു ?
പടിയോളം പഠിച്ചിട്ടും പടംപോലും
തലയിലില്ലല്ലോ ഈശ്വരാ....
എന്തിനീ ക്രൂരത ചെയ്യുന്നിടുന്നു.
പരീക്ഷയിൽ കടലാസുവെച്ചും
പ്രിന്റെടുത്തും നോക്കി ഞാൻ.
എങ്കിലും പേപ്പറിൽ 'വട്ടപൂജ്യ'മെന്ന മാത്രം
നീ എനിക്ക് സമ്മാനിച്ചു.
കടയിൽ ഓഡറുചെയ്ത കോഴിമുട്ടപോലെ
നീ എനിക്ക് സമ്മാനിച്ച മാർക്കുകൾ.
ആറ്റവും, ആറ്റസിദ്ധാന്തവും,
ബോർമാതൃകയും പഠിച്ചിട്ടും....
എന്തിനീ ക്രൂരത....
നീയെന്ന വിഷയത്തിൽ ഞാൻ
പരാജയമേ പരാജയമേ കൈവരിച്ചുള്ളു കൈവരിച്ചുള്ളു...
ഒരിക്കലീ വിഷയത്തിലീ ഞാൻ
ഫുൾ മാർക്ക് നേടിടും
ഇന്റർനെറ്റിൽ നിന്നെയും എന്നെയും-
വിജയിപ്പിക്കാനുള്ള കഴിവുണ്ടെങ്കിലും
എൻ മുന്നിലെപ്പൊഴും 'പുസ്തക'മെന്ന-
'മൂന്നക്ഷര'ത്തിനുള്ളിലെ
കെമിസ്ട്രി എന്ന വിഷയത്തിൽ
'ബുദ്ധി' എന്ന 'രണ്ടക്ഷരം 'കൊണ്ടു ഞാൻ
പഠിക്കുവാനാഗ്രഹിപ്പൂ....
പരിശ്രമം ഞാനിനിതുടരുമ്പോഴും
ലോകമെ നീ എനിക്കു തുണ
ദൈവമേ നീ മാത്രമെനിക്കു സ്വന്തം! സ്വന്തം!




**സൂര്യ കെ. പി,9.ബി**

## അമ്മ




“പെയ്തൊഴിയാത്തൊരു സങ്കടകടലിൽ
ആഴത്തിലാണന്റെ ജീവിതം
ആ ജീവിത കടലിന്റെ ആഴത്തിൽ
ഒഴുകുന്ന ഗീതയായി എന്റെ അമ്മ
എന്റെ ഉള്ളിൽ ...... എന്റെ ഉള്ളിൽ ...
ആ അമ്മ താങ്ങായി , തണലായി
എന്നെ താങ്ങുന്നതാണെന്റെ ജീവിതം
ആ ജീവിതകടലിന്റെ ആഴത്തിലായി എന്നെ
മധുരമായി പുണരുകയാണെന്റെ അമ്മ .
മധുരമായി പുണരുകയാണെന്റെ അമ്മ ....

ഒരു കുഞ്ഞു പക്ഷിയായി ചേക്കേറുമ്പോൾ
തണലായി എന്റെ അമ്മ എന്റെ ഉള്ളിൽ
അമ്മ എന്റെ ... അമ്മ ... അമ്മ ... എന്റെ അമ്മ.
ഒരു കുഞ്ഞു പൂവായി ഞാൻ വിടർന്നീടുമ്പോൾ
കാറ്റായി മുത്തുകയാണന്റെയമ്മ
അമ്മ എന്റെ അമ്മ എന്റെ അമ്മ ......
ഒരു കുഞ്ഞു ഹൃദയത്തിനുള്ള ......
ഹൃദയസ്പന്ദനം പോലെ ..
എന്റെമ്മ എന്റെ ഉള്ളിൽ
അമ്മ.... എന്റെ അമ്മ .......
അമ്മ...... എന്റെ അമ്മ....



സോന ബിജു, 8.ഡി



Gokul krihna
XC

# BREAKING OF HUMAN CHAIN

What is humanity,human values,brotherhood,etc..etc..
Feeling pity on the continent,country ,even the state..
Nobody knows what is happening,what's gonna[1] happen




or where we are travelling to or why?
So nothing is known by no one except the one and only one
The almighty..

Where is the stupid human travelling to?what he is gonna gain?
So,the reality is nothing but no one knows the meaning of life,
Never consider life as race and as a battle field
This is the land in which we should flourish the flowers of mercy

Man is travelling and travelling to somewhere and-
He call it as technology ...yes! the digital age!
What is it ? Man is not only for earning money is it?
We are human we are with some of the responsibilities and duties
never forgot...we are the only creature with ability of thought -but-
again we forget ...
Think... think there you achieve your aim
to lead a succeed life we should must remind the human values
so think about the meaning of life and work and then
crush your success



**Hanna Parveen, 9 D**

1 Going to

# ആഗ്രഹം

ആരാരുമറിയാതെ വാഞ്ഛിതം പതിയെ മനസിൽ എത്തീ..........
ആരുടെ വാഞ്ഛിതം ...........ആരുടെ ആഗ്രഹം .....
മാവിലെ മാമ്പഴം വാഞ്ഛിതം അറിയിച്ചു......
എൻെറ വാഞ്ഛിതം ആഴ കടലായി....
പ്രളയകെടുതിയിൽ ഒലിച്ചുപോയീ എൻെറ ആഴ കടലായി വാഞ്ഛിതം ......
ബാക്കിയാക്കി ഞാനെൻെറ ആഗ്രഹം അനുഭവത്തിൽ ഞാൻ മെല്ലെ ഉണർന്നു ......
ആഗ്രഹം തീർന്നു ...... തീർത്തു ഞാൻ ആഴകടലിൽ....
സത്യമെന്തന്നറിയതെ ഞാനെൻെറ ആഗ്രഹം ചൊല്ലീ.......
കിളിമകളോട് ഞാൻ ചൊല്ലീ........
സന്തോഷമെന്തെന്നറിഞ്ഞു ഞാനാ നിമിഷം .........
ആഴകടൽ പൊട്ടി ഒഴുകീ കണ്ണുനീരായീ ........
കണ്ണീർ ബാക്കിയാക്കി ഞാൻ മെല്ലെ ജ്വലിച്ചു....
എൻെറ വാഞ്ഛിതം ,എൻെറ വാഞ്ഛിതം ബാക്കിയാക്കി ....
സന്തതം എൻ മനസ്സിൽ വാഞ്ഛിതം......ഉദിച്ചിരുന്ന സൂര്യനെ പോലെ....
സ്ഫുരിക്കും ആ ആഗ്രഹം എൻ മുൻപിൽ ...
ബാക്കിയായി എൻ ആഗ്രഹം .........ബാക്കിയായി.........



**ഫിൻയ ഫാത്തിമ,8-ഡി**



സ്കൂൾ അസംബ്ലി






അനുമോദനങ്ങൾ



ഗൃഹസന്ദർശനം



യാത്രാമംഗളം



രക്ഷിതാക്കുള്ള ക്ലാസ്സ്



ക്ലാസ്സ് പി റ്റി എ





# Jayasree Foot Ball League 2018
























# അകലെ...

മഴ നിനക്കിഷ്ടമാണെന്ന്
നീ പറയുന്നു.
പക്ഷെ മഴ പെയ്യുമ്പോൾ നീ പറന്ന് ചൊരിയുമ്പോൾ
നീ കുട നിവർത്തുന്നു
വേനൽ നിനക്കിഷ്ടമാണെന്ന്
നീ പറയുന്നു
പക്ഷെ വെയിൽ വരുമ്പോൾ
നീ തണൽ തേടി പോവുന്നു.
കടൽ നിനക്കിഷ്ടമാണെന്ന്
നീ പറയുന്നു
പക്ഷെ തിരയടിക്കുമ്പോൾ
നീ പിന്നിലേക്കോടി മാറുന്നു
കാറ്റിനെ നിനക്കിഷ്ടമാണെന്ന്
നീ പറയുന്നു
പക്ഷെ കാറ്റടിക്കുമ്പോൾ
നീ ജനാലകൾ ചേർത്തടയ്ക്കുന്നു
അതാണെനിക്കു ഭയം
നീ എന്നെ ഇഷ്ടമാണെന്ന് പറയുമ്പോൾ......



**കീർത്തന രാജേന്ദ്രൻ, 10.A**

# ശ്രീനാരായണഗുരു



സനാതന ധർമ്മത്തിന്റെ സംരക്ഷണവും ജാതീയമായ അസമത്വങ്ങൾ ഇല്ലാതാകാനുള്ള പരിശ്രമവും അദ്വൈത സംസ്കാരത്തിന്റെ പ്രചരണവും വിദ്യാഭ്യാസപുരോഗതിയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ വഴി കേരളത്തിൽ പത്തൊൻപതാം നൂറ്റാണ്ടിൽ ഒരു നവോത്ഥാനത്തിന് തുടക്കം കുറിച്ച മഹാനായ വ്യക്തിയാണ് ശ്രീനാരയണഗുരു.


തിരുവനന്തപുരത്തിനടുത്ത് ചെമ്പഴന്തി ഗ്രാമത്തിൽ 1854 ആഗസ്റ്റ് 20-ാം തിയതിയായിരുന്നു ഗുരുവിന്റെ ജനനം. മാടനാശാനും കുട്ടിയമ്മയുമാണ് അച്ഛനമ്മമാർ. വീട്ടുകാരും നാട്ടുകാരും നാണു എന്നാണ് വിളിച്ചിരുന്നത്. അന്വേഷണ ബുദ്ധിക്കും ശാസ്ത്രീയയുക്തിയും ചെറുപ്പം മുതലേയുള്ള നാണു പഠനത്തിൽ സമർത്ഥനായിരുന്നു. സംസ്കൃതം,തമിഴ്,സാഹിത്യം,വൈദ്യം എന്നീവിഷയത്തിൽ അറിവ്നേടി. ചെറുപ്പത്തിലേ തന്നെ ഒരു എഴുത്തുപള്ളിക്കൂടം സ്ഥാപിച്ചതിനാൽ നാണു നാണുവാശാൻ എന്ന പേരിലറിയപ്പെട്ടുതുടങ്ങി. ബന്ധുക്കളുടെ പ്രേരണയ്ക്കുവഴങ്ങി ലക്ഷ്മി എന്നൊരുയുവതിയെ വിവാഹം ചെയ്തുവെങ്കിലും ലൗകികജീവിതത്തോടുള്ള വിരക്തി കാരണം നാടും വീടും ഉപേക്ഷിച്ച് യാത്ര ആരംഭിച്ചു. ശ്രീ വിദ്യാധിരാജചട്ടമ്പിസ്വാമികൾ എന്ന മഹായോഗിയെകണ്ടുമുട്ടുകയും ശിഷ്യത്വം സ്വീകരിച്ച് വേദാന്തവും ആദ്ധ്യാത്മിക കാര്യങ്ങളും കൂടുതൽ മനസ്സിലാക്കുകയും ചെയ്തു. പിന്നീട് കന്യാകുമാരിയ്ക്കടുത്തുള്ള മരുത്വാമലയിൽ വർഷങ്ങളോളം കഠിനതപസ്സ് അനുഷ്ഠിച്ചു.

സമൂഹത്തിൽ അയിത്തം കൊടികുത്തിവാണിരുന്നു. അവർണജാതിക്കാരുടെ സ്ഥിതി അതി ഭയനീയമായിരുന്നു.സംഘടിച്ച് ശക്തരാകാനും വിദ്യകൊണ്ട് പ്രബുദ്ധരാകാനും ഗുരു ഉപദേശിച്ചു.ആലുവയിലും വർക്കലയിലും സംസ്കൃത,ഇംഗ്ലീഷ് വിദ്യാലയങ്ങൾ സ്ഥാപിച്ചു.അയിത്തമെന്ന ദുരാചാരംകൊണ്ട് ഗതിമുട്ടിയ അവർണ്ണർ കൂട്ടത്തോടെ മതം മാറാൻ തീരുമാനിച്ചിരുന്ന ആ കാലഘട്ടത്തിൽ മതംമാറ്റത്തെ ഗുരു നിഷേധിച്ചു. 'മതമേതായാലും മനുഷ്യൻനന്നായാൽമതി' എന്ന് ജനങ്ങളെ ഉദ്ബോധിപ്പിച്ചു. ഒരുജാതി,ഒരുമതം,ഒരുദൈവം,എന്നസിദ്ധാന്തം പ്രചരിപ്പികുകയും അനേകം ക്ഷേത്രങ്ങളുടെ നിർമ്മാണം നടത്തുകയും ചെയ്തു.

1886-ൽ അരുവിപ്പുറം ക്ഷേത്രത്തിൽ ശിവപ്രതിഷ്ഠ നടത്തുവാൻ എത്തിയ ഗുരുവിന് ബ്രാഹ്മണരുടെ എതിർപ്പ് നേരിടേണ്ടിവന്നു.അബ്രാഹ്മണന് പ്രതിഷ്ഠപാടില്ല എന്ന വാദത്തെ ഞാൻപ്രതിഷ്ഠിച്ചത് ഈഴവശിവനെയാണ് എന്ന് പ്രഖ്യപിച്ച് നിശബ്ദരാക്കിയഗുരു നൂറ്റാണ്ടുകളോളം നിലനിന്ന അസമത്വത്തെ നിസ്സാരമാക്കി പുറംതള്ളുകയായിരിന്നു. വർക്കല ശിവഗിരി ശാരദാക്ഷേത്രത്തിൽ കണ്ണാടി പ്രതിഷ്ഠിച്ച് 'തത്ത്വമസി' പോലുള്ള മഹാവാക്യങ്ങളുടെ സാരം അദ്ദേഹം സാധാരണ ജനങ്ങളിലെത്തിച്ചു.

ഇന്ന് കേരളത്തിലെ സാമൂഹിക -സാംസ്കാരിക – വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം വ്യപിച്ചുനിൽക്കുന്ന ശ്രീനാരായണധർമ്മപരിപാലന യോഗത്തിന്റെ സ്ഥാപകനും ഗുരുവാണ്.അനേകം ഗ്രന്ഥങ്ങളുടെ രചയിതാവായഗുരു പ്രതിഭാധനനായ ഒരു കവികൂടിയായിരുന്നു.1928 സെപ്റ്റംബർ 20ന് അദ്ദേഹം സമാധിയടഞ്ഞു. ഗുരുവിന്റെ ചിന്താധാരകളും പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ തന്നെ വരികളിൽ ഇങ്ങനെ ചുരുക്കാം.

***അവനിവനെന്നറിയുന്നതൊക്കെയോർത്താ-***
***ലവനിയിലാദിമമായൊരാത്മരൂപം***
***അവനവനാത്മസുഖത്തിനാചരിക്കുന്നവ-***
***യപരന്നു സുഖത്തിനായ് വരേണം.***



**പി . പി.ഷാജിമാസ്റ്റർ**

## താക്കീത് - വഞ്ചിപ്പാട്ട്

കൂട്ടുകാരെ പോരുനിങ്ങൾ പുതുയുഗവാർത്ത കേൾക്കാൻ
ജീവിതത്തെ വിരൽതുമ്പിലൊതുക്കും വാർത്ത –
അറിവുനേടുന്നതിനായ് അലഞ്ഞിരുന്നൊരുകാലം
അതിദൂരമായിടുന്ന കഥകേൾക്കുവാൻ.
ഇന്റർനെറ്റും ഫെയ്സ്ബുക്കും ജീവിതത്തെ നയിക്കുമ്പോൾ
ബന്ധങ്ങൾക്കും മൂല്യങ്ങൾക്കും വിലയില്ലെന്നൊ?
പുതു പുതു സങ്കേതങ്ങൾ വിരൽത്തുമ്പിൽമദിക്കവേ
അദ്ധ്വാനവും കഷ്ടപ്പാടും പഴഞ്ചൻകഥ.
മണ്ണുവേണ്ട വളംവേണ്ട പണിയായുധവും വേണ്ട.
തോണ്ടീടുവാൻ ചൂണ്ടുവിരൾ മാത്രമേ വേണ്ടൂ.
അന്യദേശക്കാർനമുക്കായ് പൊരിവെയിൽ കൊണ്ടീടുമ്പോൾ
പട്ടിണിക്കും പരാതിക്കും ഇടമില്ലല്ലോ.
വെള്ളകോളർ മനോഭാവം അന്യദേശത്തുമെത്തിയാൽ
വെള്ളമല്ലാതൊന്നും നമ്മൾ ഭുജിച്ചിടേണ്ട.
അവരുടെ വിയർപ്പിന്റെ വിലയെടുത്തിണ്ടീടുമ്പോൾ
അദ്ധ്വാനത്തിൻ മഹിമ നാം മറന്നുകൂടാ......
അദ്ധ്വാനത്തെ ആഹ്ലാദമായ് കരുതിയ തലമുറ
പഴഞ്ചരിൽ പഴഞ്ചരായ് മാറിനിൽക്കുന്നു.
വേണ്ടതിനെ വേണ്ടും വിധം തിരിച്ചറിയാനുള്ളൊരു
പ്രബുദ്ധതനേടിയില്ലേൽ അബദ്ധമാകും.



**കെ. ജി. സുകുമാരൻ മാസ്റ്റർ**

# A Bag Of Oranges




An old woman was walking along the road . She carried a paper bag full of orange for her grandchildren. Suddenly she stumbled over a stone and full down. The oranges rolled over the road and lay scattered around. A boy who saw this came running.

Helping the woman get up , he asked, 'Are you okay? 'I' am all right ,child .But my oranges ......... she said ,Don't worry I shell pick them up for you; the boy said. He picked up the scattered oranges. Putting them into her bag he handed it over to her. Taking an orange from the bag, the old woman said smiling,' Have this, my child: The boy too smiled and took the orange from her.



TESSA MARIYAT,9 C


Grace Mariya Peter
X C

# ദുരിതം

നേരിൽ കാണാതെ  കാണാതെ
കാണുമ്പോഴും
കാതിൽ കേൾക്കാതെ കേൾക്കാതെ
കേൾക്കുമ്പോഴും
ദുരിതങ്ങൾ
എവിടെയുമെപ്പോഴുമെങ്ങനെയും
ദുരിതങ്ങൾ
നിലവിളികൾ വീണ്ടും വീണ്ടും
മുഴങ്ങുന്നെൻ കാതിൽ ഹൃദയസ്പർശനം പോൽ
എന്ത്കൊണ്ട്?
മർത്യൻ അജ്ഞാതമാം അനന്തശക്തിതൻ
കർമ്മഫലങ്ങളൊ ദുരിതങ്ങൾ
ആകാശ കണ്ണീരിൽ മുങ്ങിയ വിണ്ണിനെ നാം കണ്ടു
എപ്പോഴും കണ്ടു നാം മതിർന്നു വീണ
കണ്ണീർ അരുവികൾ
അരുണനില്ലാതെ ശിരസ്സ്  നമിച്ച നിന്ന
സോദരങ്ങളെ നാം കണ്ടു
ഇനി നാം കാണേണ്ടത് ജലമില്ലാത്ത
അമ്മയേയും ചുവന്ന് നിൽക്കുന്ന ഭൂമിയെയുമാവാം
നിലവിളികൾ, കരച്ചിലുകൾ തീരാതെ ദുരിതങ്ങൾ
വീണ്ടും വീണ്ടും നമ്മെ പിടിച്ചുലക്കുന്ന പോലെ
തീരാതങ്ങനെ ദുരിതങ്ങൾ വീണ്ടും എൻ കൺമുന്നിലേക്ക്
ഇനിയൊരു യുദ്ധമുണ്ടാകല്ലെ എന്നെൻ പ്രാർഥന
എങ്കിലും മർത്യന്റെ ബുദ്ധിയിലുണ്ടൊരു
വെള്ളത്തിനായുള്ള യുദ്ധം.



**ആൻമരിയ കുര്യാക്കോസ് , 8.ഡി**

# പ്രകൃതി



പ്രകൃതി എന്നാൽ മാതാവാണ് .ഇന്ന് നമ്മുടെ അമ്മയെ നാം ശ്രദ്ധയില്ലാതെ നശിപ്പിക്കുകയാണ് .നാം ഒരു മരം നട്ടാൽ അതിൽ നിന്ന് ഓക്സിജൻ വരുന്നതുകൊണ്ടാണ് മനുഷ്യജീവിതം മുന്നോട്ടുപോകുന്നത്. നാം ഒരു വൃക്ഷം വെട്ടിയാൽ അവിടെ നാം രണ്ടു വൃക്ഷമെങ്കിലും നടണം. അമ്മയാണ് പ്രകൃതി .ഇന്ന് വനങ്ങളെല്ലാം മനുഷ്യൻ കയ്യടക്കുകയാണ് ഇതിലൂടെ വനത്തിൻെറ സംരക്ഷകരായ മൃഗങ്ങൾ നാട്ടിലെത്തുകയും അങ്ങനെ അത് നമ്മുടെ ജനങ്ങൾക്ക് നാശമാണ് അത് വരുത്തുക.

അതിനാൽ വൃക്ഷത്തെയും കാടുകളെയും സംരക്ഷിക്കുക.



**നിവേദ് ഷാജി, 10-സി**

# DEATH



Nobody can hide from
His burning eyes.
None escapes from his cruel hands.
Nobody likes to welcome him
At any time of their life.
No one can stop his arrival
No recommend is accepted.
His hands hugs you
When he depart
No! You can't see him
With your naked eye.
He is invisible.
He needs our soul.
Oh human! What's you gain
Still remain here.
Nothing accompanies you.
When he takes you
No one can come back from
The great mystery of death.



**Fathima Unaisa M.I, IX C**

# എന്റെ വീട്ടു മുറ്റത്തെ പക്ഷി



ഒരു ദിവസം ഞാൻ രാവിലെ ഉറക്കമെഴുന്നേറ്റു വരുമ്പോൾ വളരെ സന്തോഷം തോന്നി, കാരണം എന്റെ മുറ്റം നിറയെ മനോഹരമായ പക്ഷികൾ ആയിരുന്നു ഞാൻ അതിന്റെ പുറകെ നടന്നു അത് തേൻ കുടിക്കുന്നതും കലപില ശബ്ദം ഉണ്ടാക്കുന്നതും മനോഹരമായ ചിറകുകൾ വിടർത്തി പാറിപറന്നു. നടക്കുന്നതും ഞാൻ കൗതുകത്തോടെ നോക്കി നിന്നു .അപ്പേഴാണ് ഞാൻ കണ്ടത് ഒരു കിളി പറക്കാൻ കഴിയാതെ വിഷമിച്ചിരിക്കുന്നത് .ഞാൻ പോയി ആ കിളിയെ എടുത്തുനോക്കിയപ്പോൾ അതിന്റെ കാലിൽ ഒരു മുള്ള് തറച്ചിരിക്കുന്നതു ഞാൻ കണ്ടു . അപ്പോൾ ഞാൻ അതിനെ വേദനിപ്പിക്കാത്തവിധത്തിൽ അതിന്റെ മുള്ള് എടുത്തുമാറ്റി കാലിൽ മരുന്നു വെച്ച് കെട്ടി. കുറച്ചുനാൾ അതിനെ ഞാൻ എടുത്ത് ശുശ്രൂഷിച്ചു പിന്നിട് അതിന്റെ മുറിവ് ഉണങ്ങിയപ്പോൾ ഞാൻ അതിനെ അതിന്റെ ലോകത്തിലോക്ക് പറത്തിവിട്ടു. സ്നേഹത്തോടെ ആ പക്ഷി എന്നെ നോക്കി ആ കിളി എന്റെ വിട്ടു മുറ്റത്ത് എന്റെ അരികിൽ എത്തുമായിരുന്നു. ഇതുപോലെ നാമും മറ്റുള്ളവരെടുള്ള സ്നേഹവും കരുതലും കാണിച്ചാൽ അവർക്കും നമമളെ വിട്ടുപിരിയാൻ തോന്നില്ല.



**മരിയ ജോസഫ് , 6.ഡി**

# വില്ല്യം ഷെയ്ക്സ്പിയർ [1564-1616]



മഹാനായ എഴുത്തുകാരനും നാടകകൃത്തുമായി കണക്കാക്കപ്പെടുന്ന ഇംഗ്ലിഷ് കവി. ഇംഗ്ലണ്ടിവലെ രാഷ്ട്രകവിയെന്നും 'ബർസ്'എന്നും ഇദ്ദേഹം അറിയപ്പെടുന്നു. 38 നാടകങ്ങളും 154 ഗീതങ്ങളും ചില കാവ്യങ്ങളും ഇദ്ദേഹത്തിൻെറ തായി നമ്മുക്ക് ലഭിച്ചിട്ടുണ്ട്. അത്രയൊന്നും പ്രസദ്ധമായിരുന്നില്ല എങ്കിലും മരണശേഷം ഇദ്ദേഹത്തിൻെറ പ്രശക്തി വളരെയധികമായിരുന്നു. സാഹിത്യലോകത്തും പൊതുവേയും ആംഗലേയ സാഹിത്യലോകത്തു പ്രത്യേക്കിച്ചും ഏറ്റവും ഉദ്ദരിക്കപ്പെട്ടിട്ടുള്ള കവിയാണ് ഇദ്ദേഹം. ദുരന്തനാടകങ്ങളിലും ശുഭാന്ത നാടകങ്ങളും ഒരു പോലെ മികവു കാട്ടി ഷേക്സ്പിയറിൻെറ കൃതികൾ. എല്ലാം തന്നെ ലോകത്തിലെ പ്രധാന ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയുട്ടുണ്ട്. മാത്രമല്ല അദ്ദേഹത്തിൻെറ നാടകങ്ങൾ ഇപ്പോഴും ലോകമെമ്പാടും അവതരിക്കപ്പെടുന്നുണ്ട്. അതുപോലെ തന്നെ ഇദ്ദേഹത്തിൻെറ പല ഉദ്ധരിണികളും ദൈനംദിന ഉപയോഗത്തിൽ, കടന്നുക്കൂടിയിട്ടുണ്ട്. ജനനം,ഏപ്രിൽ 1564 സ്റ്റേറ്റ്ഫോസ് അപോൺ എയ് വൻ വാർവിക്ക്ഷയർ ഇംഗ്ലണ്ട്. മരണം 1616 ഏപ്രിൽ 23 സ്റ്റേറ്റ്ഫോസ് അപോൺ എയ് വൻ വാർവിക്ഷയർ ഇംഗ്ലണ്ട്. തൊഴിൽ, നാടകൃത്ത്, കവി, അഭിനേതാവ്, കിങ് ലിയർ, ഹാംലെറ്റ് മാക്ബെത്ത് തുടങ്ങിയ അദ്ദേഹത്തിൻെറ നാടകങ്ങൾ ഇംഗ്ലീഷ് ഭാഷയിലെ ഏറ്റവും മികച്ച ദുരന്ത നാടകങ്ങളെയാണ് കണക്കാക്കപ്പെടുന്നത്.



**വിമൽ മോഹൻ,8.എ**



Geethu Suresh,7 D

# പൂമ്പാറ്റ

വർണ്ണ ചിറകു വിരിച്ചു നടന്നൊരു

പൂമ്പാറ്റ........ പൂമ്പാറ്റ.....

പൂക്കളിലെ തേൻ നുകർന്ന്  പാരിനടന്നൊരു

പൂമ്പാറ്റ.......പൂമ്പാറ്റ.....

ചുവന്ന റോസാ പൂവിൽ നിന്നും

വെളുത്ത റോസാ പൂവിലേക്ക് പാറിനടന്നൊരു

പൂമ്പാറ്റ.......പൂമ്പാറ്റ.....

പൂന്തോട്ടങ്ങൾ കാണുമ്പോൾ വട്ടംവട്ടം പാറിനടക്കും

പൂമ്പാറ്റ.......പൂമ്പാറ്റ.....

പൂക്കളീലെക്ക് പാറിനടന്ന പൂന്തേനുണ്ണും

പൂമ്പാറ്റ.......പൂമ്പാറ്റ.....

മധുവിൽ മത്താൽ പാറിനടന്നൊരു

പൂമ്പാറ്റ.......പൂമ്പാറ്റ.....

വർണ്ണ ചിറകു വിരിച്ചു നടന്നൊരു



**ദേവപ്രിയ.പി.ആർ,5.ബി**

# पृक्ती मे मानव का अतीक्म

पृक्ती एक सुंदर माँ है | ईस माँ के सुंदर बने का रंग हे हरा | व् क्ष नहीं नदी, पक्षी, पशु, और सभी सभी | क्यों कि आज . . . . . . . . . . . . .

आज हमारा जगह एक मालिन्य का किताब बना | हम मानव हमारा जगह एक और एक समय़ मार बना लिय़ा या। व्क्ष में कडाव बना लिय़ा या । नदीय़ें में मलीन बन गय़ी। साफ करने के साबुन देलने योगय़ और न साफ करना का जल । और कारखाना जल । हमारा नदियों मलिन का मुकय कारण थी।

वाहन का मलिन वायु , सबसे बडी मकान और ईस मकान व्क्ष का स्तान बना लिया । ईस का प्कार हमारा जगह का खुबसुरत नशट हे गया य़ा।



फिता फात्तिमा,9d

# ENVIRONMENTAL POLLUTION

Environmental pollution is one of the most serious problems facing humanity and other life forms on planet today .

Environmental pollution is defined as the contamination of physical and the biological component of the earth atmosphere system to such an extent that normal environmental process are adversely affected .pollutants can be naturally occurring substance or energies , but they are considered as the contaminated when in excess of the natural levels .Any use of natural resource at a rate higher than nature is the capacity to restore itself can be result in pollution in air , water and land.



*Adithyamol.P.S,X C*

## സാന്ത്വന പരിചരണത്തിന്റെ ആവശ്യകഥ

ഇന്നലെകളിൽ നിന്ന് തികച്ചും വിഭിന്നമായ ഒരു ലോകത്താന്ണ് നാം ഇന്ന്ജീവിക്കുന്നത്. അണുകുടുംബം, ശാരീരികാദ്ധ്വാനത്തിന്റെ അഭാവം, ഇലക്ട്രോണക് മാധ്യമങ്ങളുടെ അതിപ്രസരം, മാനുഷിക മൂല്ല്യച്യുതി, അസ്വതഥതയുടെ അങ്ങേയറ്റം ,നേട്ടങ്ങൾക്കായുള്ള നെട്ടോട്ടം, ആർക്കും ഒന്നിനും സമയമില്ലാത്ത സ്ഥിതി. ഇത്തരം സമൂഹത്തിലേക്കാണ് മാറാരേഗങ്ങൾ ഒരു ലക്കം ലഗാനമില്ലാതെ പടർന്നുകയറുന്ന. ഒരു പക്ഷേ ലക്ഷങ്ങളുടെ ആസ്ഥി നമുക്ക് ഉണ്ടാകാം പക്ഷേ ഒരു മാറാരോഗം ഏതാനും മാസങ്ങൾകൊണ്ട് തന്നെ എത്രയോ ലക്ഷണങ്ങൾ ഇല്ലാതാക്കുന്നു. എത്ര ധനികനും പരസഹായസമില്ലാതെ പിടിച്ചുനിൽക്കാൻ സാധിക്കില്ല എന്ന അവസ്ഥ സംജാതമാകുന്നു.ഇത്തരുണണത്തിലാണ്[2] പാലിയേറ്റിവ് കെയറിന്റെ പ്രസക്തി നാം തിരിച്ചറിയെണ്ടത്.

കിടപ്പിലായതോ ദീർഘകാല പരിചരണം ആവശ്യമായതോ ഇനിയെന്നും ചെയ്യാനില്ല എന്ന് ഡോക്ടർ വിധിയെഴുതിയ സാധാരണ ഹോസ്പിറ്റലിൽ നിന്നും സേവനം ലഭിക്കാൻ സാധ്യതകുറവുള്ള മാറാരോഗങ്ങൾ ബാധിച്ചിട്ടുള്ള വ്യക്തികൾക്ക് സാമൂഹ്യപിന്തുണയോടെ നടപ്പാക്കുന്ന സമ്പൂർണ്ണവും ക്രിയാത്മകവുമായ പരിചരണരീതിയാണ് പാലിയേറ്റിവ് കെയർ അഥവാ സാന്ത്വന പരിചരണം.


കാൻസർ,നട്ടെല്ലിന്ക്ഷതം, പക്ഷാഘാതം, ബീഡിരോഗം, എയ്ഡ്സ് എന്നിവ ബാധിച്ച രോഗികളെയാണ് പ്രധാനമായും സാന്ത്വന പരിചരണത്തിന് ഉൾപ്പെടുത്തിയിട്ടുള്ളത്. രോഗം രോഗികളുടെയും കുടുംബത്തിന്റെയും മാത്രം ബാധ്യതയല്ല സമുഹത്തിന്റെയുംകൂടിയാണ് എന്ന തിരിച്ചറിവിൽ നിന്നാണ് പാലിയേറ്റീവ് കെയറിന്റെ തുടക്കം. രോഗിയുടെയും കുടുംബത്തിന്റെയും ശാരീരിക സാമ്പത്തിക, സാമൂഹിക, മാനസിക, ആത്മിയ പ്രശ്നങ്ങൾ ലഘുകരിക്കുകയാണ് ഇതിന്റെ ഉദ്ദേശം. ഇതിനായി മരുന്ന്, വാട്ടർബെഡ് , വേദനസംഹാരികളായ മരുന്നുകൾ, എയർബെഡ്, മൂത്രട്യൂബ്, വാക്കർ, വീൽചെയ്യർ എന്നിവ സമൂഹ പങ്കാളിത്വത്തോടെ ലഭ്യമാക്കിവരുന്നു. കേരളത്തിന്റെ വടക്കൻ ജില്ലകളിലാണ് പാലിയേറ്റീവ് കെയർ സജീവമായിട്ടുള്ളത്. ഒരോ യൂണിറ്റും പ്രദേശികമായ ധനവിഭവസമാഹരണമാണ് നടത്തിവരുന്നത്.

---

2 ഈ അവസരത്തിൽ

ലാഭേച്ഛയില്ലാതെ സേവനം മാത്രം കൈമുതലായുള്ള ഒരോ പ്രദോശിക കുട്ടായ്മകളാണ് ഇതിന്റെ നടത്തിപ്പ് നിർവ്വഹിച്ച് വരുന്നത് . ആരോഗ്യമുള്ള സമയത്ത് മാത്രമേ മറ്റുള്ളവരെ സഹായിക്കാൻ സാധിക്കുകയുള്ളൂ എന്നും, അവർക്കായി എന്തുചെയ്യാൻ കഴിയും എന്നുമുള്ള ചിന്തകൾ മാത്രമാണ് സന്നദ്ധപ്രവർത്തകന്റെ വഴിക്കാട്ടി. നമ്മുടെ അല്പകാലജീവിതത്തിൽ സഹജീവികളുടെ വേദനകളും പ്രയാസങ്ങളും അല്പമെങ്കിലും കുറച്ച് കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ ഒരു സഹജീവിയാണെന്ന് പറയാൻ മനുഷ്യനെന്താണ് അർഹത.

വരൂ..... നമുക്കോരോരുതർക്കും സാന്ത്വന പരിചരണത്തിൽ പങ്കാളികളാവാം.....



*കെ. ജി. സുകുമാരൻ മാസ്റ്റർ .*

# താരാട്ടിന്റെ ഓർമ്മകൾ




ഒരു താരാട്ടുപോലെയെൻ ഓർമ്മയിൽ തെളിയുന്നൊരമ്മയെ-
ഞാനിന്നുമോർക്കുന്നു.
കടലിന്റെ ഓളങ്ങൾ പാടും സ്വരത്തിൽ-
കേൾക്കുന്നു ഞാനിന്നും താരാട്ടു....
ജീവിതം എന്നെ എവിടെയൊ എത്തിച്ച താരാട്ടുപാട്ടില്ലാതെ
ജീവിത കടലിന്റെയാഴങ്ങളിൽ കേൾക്കുന്നു ഇന്നുമാതാരാട്ടു....
പിഞ്ചിളം ചുണ്ടിൽ ഞാൻ നുണഞ്ഞോരമ്മിഞ്ഞപ്പാലോടൊപ്പം-
ചേർത്തു അമ്മ ഈ താരാട്ട്.
നന്മയും തിന്മയും വേർതിരിച്ചറിയുവാൻ ചേർത്തു-
അമ്മയീ താരാട്ടു....
കാണുന്നുഞാനിന്നുമമ്മയുടെ കോപത്തിൽ താരാട്ട്...
ജീവിതതാരാട്ട്...ജീവൻ തുളുമ്പും താരാട്ട്
ജീവിതവഴികളിൽ പിന്നോട്ട് നോക്കുമ്പോൾ-
കേൾക്കുന്നു ഇന്നുമാ താരാട്ടു....
അമ്മയിന്നെവിടെ താരാട്ടുമെവിടെ-
കോകിലനാദമിന്നെവിടെ....
പ്രതീക്ഷകൾ മാത്രം ബാക്കിയായി അസ്തമയ-
സൂര്യനെപ്പോലെ തിളങ്ങി ഈ താരാട്ടു....

ദുഃഖം മനസ്സിൽ കവിഞ്ഞൊഴുകി ഒരു പ്രളയമായ്-
വർഷിച്ച കണ്ണിലൂടെ....
ഏകയായി തീർന്നുഞാൻ നാലു ചുവരുകൾക്കിടയിൽ-
അമ്മയില്ലാതെ..... അമ്മയുടെ താരാട്ടില്ലാതെ
ഗംഗയായ്, യമുനയായ്,സിന്ധുവായ് ഒഴുകുന്ന അമ്മയെ കണ്ടോ-
ആ ഓളത്തിലുണ്ടൊരു താരാട്ട്.
എൻ ജീവിത വഴികളിൽ കുയിലുകൾ, കാട്ടുകൾ, -
പുഴകളും നദികളും നാഥമായ്... താരാട്ടായ്.....
പ്രളയത്തിലൂടെ ഞാൻ കേട്ടു അമ്മയുടെ താരാട്ട്....
പ്രളയം കോരി എടുത്തു എന്നെ-
താരാട്ടു പാടി ഉറക്കി മെല്ലെ.
കണ്ണുതുറന്ന് നോക്കിയപ്പോൾ-
കേൾക്കുന്നില്ല എന്നമ്മയുടെ താരാട്ടു.
അകലേക്കു അകലേക്കു മാഞ്ഞുപോയി
സങ്കടം മനസ്സിൽ ഉറഞ്ഞുതുള്ളീ ഒരു-
കടലായ് , സമുദ്രമായ് മാറിപിന്നെ...
അമ്മയില്ലാതെ ...അമ്മയുടെ താരാട്ടില്ലാതെ
ഈ ജീവിതം എങ്ങനെ ഞാൻ തീർക്കും ...
കണ്ണീരുമാത്രം പ്രതീക്ഷയാക്കി-
ഈ ജീവിതം എങ്ങനെ ഞാൻ തീർക്കും....
ഈ ജീവിതം എങ്ങനെ ഞാൻ തീർക്കും.



**നിമ്മി ജോസഫ്, 8.ഡി**

# കാത്തിരിക്കുന്നു ഞാൻ




ജീവിതമെന്ന ആർക്കും ഒരെത്തും പിടിയുമില്ലാത്ത കണ്ണ് കെട്ടിയുള്ള കളിയിൽ കാത്തിരിപ്പ് എന്നെ ഏറെ സ്വാധീനം ചെലുത്തുന്നുണ്ട്. കാത്തിരിപ്പ് എന്നതിനെ പലരീതിയിൽ നമുക്ക് വ്യാഖ്യാനിക്കാം. പക്ഷെ അതിന്റെ ആഴത്തിലേക്കിറങ്ങാൻ വളരെ പ്രയാസമാണ്. ഏറെ നമ്മളുമായി അടുപ്പമുള്ള എന്തെങ്കിലുമൊരു വസ്തുവാകട്ടെ അല്ലെങ്കിൽ സഹജീവികളാകട്ടെ അത് നമ്മെ വിട്ട് പിരിയുമ്പോൾ അത് നമ്മളിൽ നിന്നകന്നു എന്ന് വിശ്വസിക്കാൻ ഏറെ പ്രയാസമാണ്. പിന്നീട്, അത് തിരിച്ച് വരുമെന്നുള്ള അല്ലെങ്കിൽ തിരിച്ച് കിട്ടുമെന്നുള്ള 'കാത്തിരിപ്പ് ' ആരംഭിക്കുകയാണ്. ഒരിക്കലും തിരികെ ലഭിക്കില്ല എന്ന് ഉറപ്പായതിനെ കാത്തിരിക്കുന്നത് നമ്മുടെ മനസ്സിനെ ഏറെ വേദനിപ്പിക്കുന്ന ഒന്നാണ്. പക്ഷെ തിരികെ കിട്ടുമെന്നുറപ്പുള്ളതിനു വേണ്ടിയുള്ള കാത്തിരിപ്പിന് വേദനയോടൊപ്പം ഒരു ചെറു സുഖവുമുണ്ട്. എന്റെ ജീവിതത്തിലും കാത്തിരുന്നതും കാത്തിരിക്കുന്നതുമായ ഒരു വ്യക്തിയുണ്ട്. ഏഴ് വർഷങ്ങൾക്ക് മുമ്പ് ആ വ്യക്തി

എന്നിൽ നിന്നും ഈ ഭൂമിയിൽ നിന്നും അകന്നു. ആ വ്യക്തി ഇപ്പോഴില്ല എന്ന് പൂർണ്ണമായി വിശ്വസിക്കാൻ ഈ ഏഴുവർഷങ്ങൾക്ക് ശേഷവും എനിക്ക് സാധിക്കുന്നില്ല. ആ വ്യക്തിയുടെ വേർപ്പാടിന് ശേഷവും അദ്ദേഹത്തോട് സംസാരിക്കാത്ത ദിവസങ്ങളില്ല. എന്റെ സന്തോഷങ്ങളും ദുഃഖങ്ങളും പരിഭവങ്ങളുമെല്ലാം ഞാൻ അദ്ദേഹത്തോട് എന്റെ മനസ്സുകൊണ്ടെന്നും പറയാറുണ്ട്. ചിലപ്പോഴൊക്കെ എനിക്ക് തോന്നാറുണ്ട്. കാത്തിരിക്കാനൊന്നുമില്ലാത്തതുകൊണ്ടാവാം ഈ ലോകത്ത് ഇത്രയധികം ആത്മഹത്യകളുണ്ടാകുന്നത്. എന്റെ മനസ്സിൽ നിറഞ്ഞ് നിൽക്കുന്നതൊന്നും എനിക്കിവിടെ പകർത്താനാകുന്നില്ല. പക്ഷെ എനിക്കൊന്നറിയാം ഞാൻ കാത്തിരിക്കുന്നു. ഒരിക്കലും തിരികെ വരില്ല എന്ന് അറിയാമെങ്കിലും കൂടി.



**ഗായത്രി സുരേഷ് ,10.ഡി**


Rajeswary T S, X C

## മഴവെള്ളസംഭരണവും ഉപയോഗവും

ഇന്ത്യയിൽത്തന്നെ സമൃദ്ധമായി മഴ ലഭിക്കുന്ന സംസ്ഥനങ്ങളിലൊന്നാണ് കേരളം. ദൈവത്തിന്റെ സ്വന്തം നാടായി നമ്മുടെ നാടിനെ മാറ്റിയ ഹരിതഭംഗി ഈ ജലസമൃദ്ധിയുടെ സമ്മാനമാണ്. കാലവർഷവും തുലാവർഷവുമൊക്കെയായി പ്രകൃതി കനിഞ്ഞനുഗ്രഹിച്ച നാടാണ് കേരളം. നാല്പത്തിനാലോളം നദികൾ ഈ കൊച്ചുഭൂമിയെനനച്ച കൊണ്ട് ഒഴുകുന്നുണ്ട്. കായലുകളും തടാകങ്ങളും വേറെയും എന്നിട്ടും വേനൽക്കാലത്ത് കഠിനമായ വരൾച്ചയും കുടിവെള്ളക്ഷാമവും ഇന്ന് പതിവായിരിക്കുന്നു ഇത്ര മാത്രം സമൃദ്ധമായി മഴ ലഭിച്ചിട്ടും ജലക്ഷമംനേരിടുന്ന എന്നത് തികച്ചും വിരോധാഭാസമാണ്. ഈ പ്രതിസന്ധിക്ക് ഏറ്റവും ഉചിതമായ പരിഹാരം മഴ വെള്ളസംഭരണമാണെന്ന് ഇന്ന് നാം താരിച്ചറിഞ്ഞിരിക്കുന്നു. നമ്മുടെ ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ട് മണ്ണിൽ പെയ്യുന്ന മഴവെള്ളം മണിക്കൂറുകൾക്കം തന്നെ കടലിൽ ചെന്നെത്തുന്നു. നമ്മുടെ മണ്ണിൽപെയ്തിറങ്ങുന്ന വെള്ളം ഇവിടെത്തന്നെ സംഭരിക്കാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ ഭൂഗർഭജല സ്രോതസ്സുകൾ തന്നെ ഇല്ലതാകും .അങ്ങനെ സംഭവിച്ചാൽ കുടിവെള്ളംമില്ലാതാകും എന്നു മാത്രമല്ല , കാർഷികമേഖല ഇല്ലതാകും

നമ്മുടെ ജലക്ഷാമം പരിഹരിക്കാൻ ഭാവിയിലെ കൊടും വേനലിനെ നേരിടാനും ഏകവഴി മഴവെള്ള സംഭരണമാണ് . മഴവെള്ളം സംഭരിക്കുവാനുള്ള പ്രധാന മാർഗമാണ് മഴവെള്ളക്കൊഴത്ത് നമ്മുടെ വീടുകളുടെയും കെട്ടിടങ്ങളുടെയും മേൽക്കൂരയിൽ വീഴുന്ന ജലം സംഭരിക്കുന്നതാണിത് . ഇതിനായി ടാങ്കുകൾ നിർമ്മിക്കുകയോ അല്ലെങ്കിൽ വെള്ളം തൊട്ടടുത്തുള്ള കിണറിലേക്ക് സംഭരിക്കുകയോ ആകാം. ഇന്ന് സർക്കാർതലത്തിൽ സബ്സിഡിയോടുകൂടി ഫെറോ സിമന്റ് ടാങ്കും , മറ്റും നിർമ്മിച്ച് മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകുന്നുണ്ട് മേൽക്കൂരയിൽ

പതികുന്ന വെള്ളം പൈപ്പുവഴി ടാങ്കിലെത്തിക്കുന്നു. ടാങ്കിനുമുകളിൽ ജലം ശുദ്ധീകരിക്കുന്ന അരിപ്പയുണ്ടാകും അരിപ്പയിൽ കരി,മണൽ ,ചെറിയ പാറക്കഷ് ണങ്ങൾ ഇവ ഉപയോഗിച്ച് ജലം ഇതിലൂടെ കടത്തിവിട്ട് ശുദ്ധീകരിക്കാം. ഇങ്ങനെ ശുദ്ധീകരിക്കുന്ന വെള്ളം ടാങ്കിനുചുവട്ടിൽ പിടിപ്പിക്കുന്ന ടാപ്പുവഴി ഉപയോഗത്തിനായി എടുക്കാം വേനൽക്കാലത്ത് ജലക്ഷാമം നേരിടുമ്പോൾ ഈ ശേഖരിച്ചുവെച്ചിരിക്കുന്ന ജലം ഉപയോഗപ്പെടുത്താനാകും കൃഷിയാവശ്യത്തിനും മറ്റ് വീട്ടാവശ്യങ്ങൾക്കും ഈ ജലം ഉപയോഗിക്കാനാകും .

മഴക്കുഴികൾ കുത്തി പെയ്തിറങ്ങുന്ന വെള്ളത്തെ ഭൂമിക്കടിയിലേക്ക് ഇറക്കി വിടുകയാണ് മഴവെള്ള സംഭരണത്തിനുള്ള അടുത്തമാർഗം. നീരൊഴുക്കിന്റ വേഗത കുറയ്ക്കാൻ ഭൂമിയിലേക്ക് ഊർന്നിറങ്ങാനും മഴക്കുഴികൾ സഹായിക്കും.കൃഷിയിടങ്ങളെ ബാധിക്കുന്ന വരൾച്ചയെ തടയാനും മഴക്കുഴികൾ ഉപകരിക്കും.പാഠശേഖരങ്ങളും തണ്ണീർതടങ്ങളും പ്രകൃതിയിലുള്ള മഴവെള്ള സംഭരണികളാണ്.വികസനത്തിന്റെ പേരിൽ ഇവ നികത്തുന്നത് പ്രകൃതിക്ക് വളരെയധികം ദോഷം ചെയ്യും.മഴവെള്ളസംഭരണത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുക എന്നതാണ് പ്രധാനം.ഇത്തരം പ്രവർത്തനങ്ങളുടെ പ്രാധാന്യം കുട്ടികൾ മനസ്സിലാക്കാൻ പാഠ്യപദ്ധതിയിൽ ഇവ ഉൾപ്പെടുത്തുന്നത് നന്നായിരിക്കും.



**അർഷിത മനോജ്, 5.ബി**

# ഒരു ബാലന്റെ ജീവിതം

ഒരു ദിവസം രാവിലെ ഒരു മനുഷ്യൻ വഴിയരികിലൂടെ നടകുകയായിരുന്നു.കുറച്ച് കഴിഞ്ഞപ്പോൾ ഒരു കുട്ടി കടത്തിണ്ണയിൽ കിടക്കുന്നത്കണ്ട് അയാൾക്ക് സഹതാപം തോന്നി.ആ മനുഷ്യൻ ചെന്ന് കുട്ടിയെ എഴുന്നേല്പിച്ച് ചോദിച്ചു.കുട്ടി നിന്റെ വീടെവിടെയാ? കുട്ടി ഒന്നും പറഞ്ഞില്ല.കാരണം അവന് വിശപ്പ് സഹിക്കാൻ പറ്റില്ലായിരുന്നു.അയാൾ അവന് ഭഷണം വാങ്ങിക്കോടുത്തു.നിനക്ക് വിശപ്പ്മാറിയോ? മാറി എന്റെ അഛൻ മരിക്കുന്നതിന് മുൻപ് ഞാൻ ഭക്ഷണം കഴിച്ച ഒരു ദിവസം രാവിലെ ഒരു മനുഷ്യൻ വഴിയരികിലൂടെ നടകുകയാച്ചിട്ടുണ്ട്.കുറെനാൾ കഴിഞ്ഞാണ് ഇങ്ങനെ ഭക്ഷണം കഴിച്ചത്.നിനക്ക് വെറെ ആരുമില്ലെ.എനിക്ക് അഛന്റെ അനിയനും പെങ്ങളും ഉണ്ട്,പക്ഷ അവർക്ക് എന്നെ വേണ്ട.അപ്പോൾ നിന്റെ അമ്മയോ.അമ്മ ഞാൻ ജനിച്ചപ്പഴേ മരിച്ചു.പിന്നെ എന്നെ നോക്കാൻ അഛൻ മാത്രമേ ഉണ്ടായിരുന്നോളു. അഛൻ മരിച്ചപ്പോൾ ഞാൻ ഒറ്റക്കായി.എങ്ങനെയാണ് നിന്റെ അഛൻ മരിച്ചത്.നന്ദി സാറെ എന്റെ വിശപ്പ് അടങ്ങി.എത്ര നാളായി നിന്റെ ആഛൻ മരിച്ചിട്ട്. രണ്ട് വർഷമായി.നിനക്ക് ആരാണ് ഇത്രയുംനാൾ ഭക്ഷണം തന്നത്, അത് ആ കടയിലുള്ള ചേട്ടനാ.രണ്ട് ദിവസമായിട്ട് ആ ചേട്ടൻ കിടപ്പിലാ അതുകൊണ്ട് രണ്ട് ദിവസമായി ഞാൻ പട്ടിണിയാ. എന്നാൽ ഞാൻ പോട്ടെ,കുട്ടി പറഞ്ഞു അവിടെ നിൽക്ക്.കുട്ടി, എന്താ.നീ എന്റെ കൂടെ വരുന്നോ? എന്തിനാ? എനിക്കും എന്റെ ഭാര്യക്കും മക്കളില്ല.അതൂകൊണ്ട് ഞാൻ നിന്നെ ദത്ത്എടുത്തോട്ടെ.അപ്പോൾ സാറിന്റെ ഭാര്യ എന്ത് പറയും അത് ഞാൻ നോക്കിക്കൊള്ളാം. നീ എന്റെ കൂടെ വാ.അപ്പോൾ അവൻ പറഞ്ഞു സാറിന്റെ ഭാര്യക്ക് എന്നെ ഇഷ്ടപെട്ടില്ലങ്കിലോ ഞാൻ നാണംകെട്ട്പ്പോവില്ലെ ഞാൻ അവളെ വിളിച്ച് പറയാം. ഉടനെ അയാൾ ഫോൺ എടുത്ത് തന്റെ ഭര്യയെ വിളിച്ച് ചോദിച്ചു.വഴിയരികിൽ നിന്ന് ഒരു ബാലനെ കിട്ടി.ഭാര്യ പറഞ്ഞു അവനെ കൂട്ടികൊണ്ടുവാ.അവർ വീട്ടിലേക്ക് പോയി എന്നിട്ട് സന്തോഷത്തോടെ ജീവിച്ചു.



അജോബിൻ.സി.എൽ

# അമ്മ

എൻ അമ്മ എൻ പ്രകാശം

എൻ ജീവിതം എൻ അമ്മ

അണയാത്ത തിരിനാളം എന്നമ്മ

മരിക്കാത്ത ഓർമ്മ എന്നമ്മ

നിലവിളക്കിൻ വെളിച്ചമെന്നമ്മ

പിച്ച നടപ്പിച്ചെന്നമ്മ

എന്നുടെ ജീവിതം എന്നമ്മ

എന്നുമെൻ അമ്മയെ

കാണാൻ കഴിയണെ

എൻ തമ്പുരാനേ......



**അരവിന്ദ് സി.എസ്, 8 ബി.**



Sreethu Prabhakaran, X.A



Anusha Byju,8.A

# വിദ്യാലയം



നിഴൽ തന്നു, നീയെനിക്കിന്നീ

തണൽ തന്നു, മാവിന്റെ

തളിർ തന്നു, പടരാത്ത ചിരി തന്നു,

അൻപെഴും അറിവൂറ്റി

പകർന്നു തന്നു,

കൂട്ടിനായ് തന്നു, എനിക്കെന്റെ

ചങ്ങാതിയായ് നിന്നു.

കണ്ണീരിന്റെ നനവിനാൽ

ഓർമ്മ തന്നു,

ഗുരുവിനെ തന്നു അറിയാത്ത

വിദ്യതന്നു വരതന്നു,

വരച്ചെഴുതിയ കവിതതന്നു,

പേനയും താളും

കൂട്ടിനീ, ഓർമ്മയും തന്നു നീ,

വിദ്യയടരുന്ന ആലയമേ

നിനക്കിന്നീ നന്ദിയും

മുത്തവും നൽകുന്നു ഞാൻ -

# THOUGHTS

"SUCCESS IS GOING FROM FAILURE TO FAILURE WITHOUT LOSING ENTHUSIASM"

**-WINSTON CHURCHILL**

"DO OR DIE"

**-MAHATMA GANDHI**

"TOMORROW IS MY EXAM BUT I DON'T CARE BECAUSE A SINGLE SHEET OF PAPER CAN'T DECIDE MY FUTURE"

**-ALBERT INSTIEN**

"EARTH IS ROUND ,ROUND IS ZERO, ZERO IS NOTHING IS IMPOSSIBLE"

**-NEPOLEAN**



*- TONY BIJU ,X D*

# കേരളം ദൈവത്തിന്റെ സ്വന്തം നാടോ??

പുഴകളാലും ,കുന്നിൻചെരുവുകളാലും ഇളം കാറ്റിനൊപ്പം ദൈവം കനിഞ്ഞുതന്ന അതി സുന്ദരമായ നാട്.ഇളം കാറ്റിനൊപ്പം നൃത്തമാടിയ നെൽകതിരുകൾ നിറഞ്ഞുനിന്ന പാടശേഖരങ്ങൾ ,നാടൻ പാട്ടുകൾ പാടി ഞാറു പറിക്കുന്ന പെണ്ണുങ്ങൾ ,ഉഴുതു മറിക്കുന്ന കാളകൾ.ഇതൊക്കെ നമ്മുടെ മനസ്സിന് കുളിർമയേകുന്ന നമ്മുടെ കേരളത്തിന്റെ കാഴ്ച്ചകളായിരുന്നു .മഴക്കാലങ്ങളിൽ പള്ളിക്കുടങ്ങളിൽ എത്താൻ തിടുക്കം കൂട്ടുമ്പോൾ വഴിയരികിൽ ഒരേ വാഴയിലയ്ക്കടിയിൽ നിന്ന് ആ കഥ ഇന്നത്തെ ഓരോമാതാപിതാക്കൾക്കുംപറയുവാനുണ്ടാകുക,കണ്ണിൽഈറനണിയിച്ചുകൊണ്ട്.
മാവേലിയെ വരവേൽക്കുവാൻ പൂക്കൾ തേടി കുന്നുകളും മേടുകളും താണ്ടിപോകുന്ന കുഞ്ഞുങ്ങൾ,അവധിക്കാലമായാൽ എല്ലാവരും ഒത്തുകൂടി മണ്ണപ്പം ചുട്ടു കളിച്ച ആ നാളുകൾ.... ഇതൊക്കെയായിരുന്നു നമ്മുടെ കേരളം,അന്ന് കേരളം ദൈവത്തിന്റെ സ്വന്തം നാടായിരുന്നു എന്നതിന് യാതൊരു സംശയവുമില്ല .എന്നാൽ ഇന്ന്......

"നാടോടുമ്പോൾ നടുവേ ഓടണം"എന്ന ഈ പഴഞ്ചൊല്ല് നമ്മുടെ നാടിനെയൊക്കെ മാറ്റി.വികസനം എന്ന വാക്കിലേക്ക് നാം ചുരുങ്ങുമ്പോൾ ഒന്നോർക്കണമായിരുന്നു നമ്മുടെ സംസ്കാരം. നെൽകൃഷിപാടങ്ങൾക്കുപകരം അവിടെ വലിയ കെട്ടിടങ്ങൾ ഉയർന്നുവന്നു.ഞാറുനടുന്ന പെണ്ണുങ്ങളുടെ സ്ഥാനം യന്ത്രങ്ങൾ കീഴടക്കി.ബന്ധങ്ങളുടെ വില നാം എവിടെവച്ചോ മറന്നുപോയി. മണ്ണപ്പം ഇന്നെന്താണെന്ന് പുത്തൻ തലമുറയ്ക്ക് അറിയില്ല.ഇന്റർനെറ്റ് എന്ന വാക്കിലേക്ക് അവരും ചുരുങ്ങിയിരിക്കുന്നു.ഇന്ന് മലയാളിക്ക് ഒന്നിനും സമയമില്ല,അണിഞ്ഞൊരുങ്ങി നിൽക്കുന്ന നമ്മുടെ സുന്ദരിയായ പ്രകൃതിയെ ഒന്നു നോക്കുവാൻ പോലും.

ഇതു മാത്രമല്ല മനുഷത്വവും നമുക്കു നഷ്ടപ്പെട്ടു. വിശപ്പിന്റെ കാഠിന്യം സഹിക്കാനാവാതെ വന്നപ്പോൾ അരി എടുത്ത ആ ചെറുപ്പക്കാരനെ മരത്തിൽ കെട്ടിയിട്ട് അടിച്ചു കൊന്ന മലയാളി, സ്വന്തം മകളെ ഇരയാക്കുന്ന അച്ഛൻ,സ്വന്തം അമ്മയെ കൊല്ലുന്ന മകൻ,ഇങ്ങനെ നാമിന്ന് ഒരുപാട് മാറിയിരിക്കുന്നു.ആയിരം നാവുകൊണ്ട് വാഴ്ത്തിപ്പറഞ്ഞാലും തീരാത്തത്ര മഹത്വത്തിന് ഉടമയായ അമ്മ. ഇന്ന് നമ്മുടെ കേരളത്തിലെ ഒരമ്മ സ്വന്തം മകനെ കടലിലെറിഞ്ഞു കൊന്നു. ഇതൊക്കെയാണ് ഇന്നത്തെ നമ്മുടെ കേരളം,എവിടെവച്ചോ സ്നേഹം എന്ന നിധി നമുക്ക് നഷ്ടപ്പെട്ടുപോയി. ഇന്ന് കേരളം ദൈവത്തിന്റെ സ്വന്തം നാടെന്ന് നമുക്ക് തല കുമ്പിടാതെ പറയുവാൻ കഴിയുമോ?....

തിരിച്ചുകൊണ്ടുവരണം നമ്മുടെ ഗ്രാമീണ വെളിച്ചം.വികസനത്തോടൊപ്പം നമ്മുടെ സംസ്കാരം ഓർമ്മിക്കണം......



***ടെസ്സി രാജൻ,9.ഡി***


# വൃദ്ധതൻനൊമ്പരം



എണ്ണ വറ്റിയൊരോട്ടു വിളക്കിലെ
കണ്ണുപൊട്ടി പിടയുന്ന നാളമായ്
ഞാനിവിടെയെൻ മക്കളെ മൂവന്തി
മാനമീ മാറിൽ ചായുന്നു-നിങ്ങൾക്ക്
രാവുറങ്ങാൻ കാവലായെത്രനാൾ
ഞാനിരിക്കാൻ സ്വയം കൃതാർത്ഥങ്ങ-
ളേറെയാണെന്റെ സഞ്ചിയിൽ നോവാറു
മേളു തീരവും കാഴ്ചകൾക്കപ്പുറം
ഇച്ചുട്ട പകലൊക്കെയും ഞാൻ കുടി-
ച്ചിത്രയൊക്കെ തുഴഞ്ഞേൻ കരയിരു-
പക്കവുമിരുൾച്ചാലുകളെന്നെ നേരൊച്ച
മാത്രമേ നെഞ്ചിൽ പ്രിയം തരും
നിങ്ങളെത്രയകലെ വരും കാലമെന്നു
നമ്മളൊന്നാകുമീ കൂരയിൽ
ഉത്തരം കാണാചോദ്യമായ് ഞാൻ കട-
ഞ്ഞിപ്പകലന്നവൃതിയിൽ നിൽക്കവേ
വൃദ്ധനൊമ്പരം വാർന്നിട്ട വാക്കുകൾ-
ക്കത്രയൊന്നും പൊരുൾക്കനമില്ലന്ന
സ്വസ്ഥതയിൽ മനസ്സാറുനാൻ നിങ്ങൾ
ശക്തരൊന്നതെനിക്കു ഹിതം വരം



**മാളവിക കെ എം,7 ഡി**



Haripriya C S
XC

## ഇരുളിന്റെ മറവിൽ

കാഴ്ച്ചകളെല്ലാം ഇരുൾകൊണ്ട്പോയി

ഇരുളിൽ മറവിൽനിന്നാരെത്തിനോക്കി

മരച്ചില്ലകളൾതൻ ഇടയിലൂടെ

കണ്ടുഞാനമ്പിളിയെ കൺനിറയെ

വീശുന്നകാറ്റിൽ ആടുന്നച്ചില്ലകൾ

ദിശതെറ്റിവന്നകാറ്റിവന്നകാറ്റന്നുതോന്നും

ഇണയെ പിരിഞ്ഞാരാ രാക്കിളിതൻ

തേങ്ങലോ ഇനിയും നിലച്ചതില്ലേ

നിഴലെന്നപോലെ  മരങ്ങളിരുണ്ടു

അമ്പിളി വെട്ടി തിളങ്ങിനിന്നു

വീടിൻ അതിഥികളായിയെത്തി

രാത്രിതൻ സഞ്ചാരകർ വണ്ടുകളും

കാണവാനണ്ടൊരി കാഴ് ച്ചകൾ  ഭംഗികൾ

അമ്പിളി തന്നുടെ പൂർണരൂപം

*അമേഘ പ്രസാദ്*

# IMPORTANCE OF LITERACY


***Educational and skilled citizens are a nation's asset.Literacy helps a nation in economic ,scientific and cultural progress. It also helps in wiping out social evils. Literacy is a prerequisite for democracy ,which is considered as the form of government.***

***If democracy is to succeed , people have to make correct choice. Only literate public can educate the policies and programs of the government .Literacy also helps to increase efficiency . Literacy makes people conscious of their right and duties.***

***Literacy prevents exploitation and their contributes for economic development. Social evils like dowry and communication can be eliminated to an greater extent .In short literacy is essential for leading a smooth and successful life .***



***Nandana.P.S, XC***



സേതു രാഘവൻ
X D




Rajeswary T S, X C

# കൺതുറക്കൂ......



കൺതുറക്കുന്ന നാം എന്നുമെങ്കിലും
കാണുന്നുവോ പുത്തൻ പുലരികൾ
കാണുന്നുവോ പുതു വസന്തം
തിരികെ വരില്ലൊരിക്കലുമാ  പുലരികൾ
തിരിച്ചെടുക്കാനാകില്ല വസന്തങ്ങൾ ഒരിക്കലും'

യാന്ത്രികമാം ജീവിത പാതയിൽ
കാണുന്നതില്ലൊന്നുമേ നീ സോദരാ.....
ലോകത്തിനൊപ്പം നെട്ടോട്ടമൊടാതെ
നേരിൻ പാതയിൽ വേറിട്ട് നിക്കുവാൻ
കൺതുറക്കു ഒന്നു കൺതുറക്കൂ..........



**മരിയ സജി,9 സി**

# സ്റ്റെല്ലയുടെ കഥ

ഒരുപെണ്ണ് . അവൾ ഏട്ടാം ക്ലാസ്സിൽ പഠിക്കുന്നു . അവളുടെ മനസ്സ് വളരെ നല്ലതാണ്. പക്ഷേ അവളുടെ പ്രവൃത്തി അതിന് വിപരീതമായിരുന്നു. അവളെ കാണാൻ ഇരുനിറത്തിൽ കൂടുതൽ വെളുപ്പായിരുന്നു. എല്ലാവർക്കും അവളോട് വെറുപ്പായിരുന്നു. എല്ലാവർക്കും അവളെ കാണുന്നതുപോലും ഇഷ്ടമല്ല. അവൾ അവളുടെ പേര് "സ്റ്റെല്ല". അങ്ങനെ ഒരു ദിവസം അവൾ സ്കൂളിൽ അസംബ്ലിക്ക് നിൽക്കുകയായിരുന്നു . പെട്ടന്ന് എന്തോ വന്ന് അവളെ തട്ടിയതുപോലെ അവൾക്ക് അനുഭവപ്പെട്ടു . അതേസമയം നല്ല വെയിലായിരുന്നതുകൊണ്ട് പ്രധാന അധ്യാപിക തണലിലേക്ക് മാറി നിന്നുകൊള്ളുവാൻ പറഞ്ഞു . എല്ലാവരും മാറി നിന്നു . അവളും കൂട്ടുകാരുടെ കൂടെ മാറി നിന്നു . വീണ്ടും അവൾക്ക് മിന്നൻ അനുഭവപ്പെട്ടു. പെട്ടന്നാണ് അത് സംഭവിച്ചത് . എല്ലാവരും നിന്ന സ്ഥലം നടുവെ പിളരാൻ തുടങ്ങി. എല്ലാവരും ദൂരെ മാറി. പക്ഷേ അവളും അവളുടെ കൂട്ടുകാരും മാറിയില്ല. ആ പിളർപ്പ് അവർക്കരികിൽ എത്തും മുമ്പ് എല്ലാവരെയും "സ്റ്റെല്ല", അതെ അവൾ എല്ലാവരെയും ദൂരേക്ക് ഉന്തിവിട്ടു . അവസാനം ഒരു ആളുടെ അടുത്തെത്തി . അവളെ ഉന്തി . പക്ഷേ അപ്പോഴേക്കും ആ പിളർപ്പ് അവരുടെ അടുത്തെത്തി.അവസാനത്തെ കുട്ടിയെ ഉന്തിയതും അവൾ പിളർപ്പിലേക്ക് വീണു. അധ്യാപകരും കുട്ടകാരും ഉറക്കെ കരഞ്ഞു

സ്റ്റെല്ലാ............. പെട്ടന്നാണത് സംഭവിച്ചത് എല്ലാവരുടെയും കാൺകെ ഒരു ശക്തിയേറിയ മിന്നൽ അവൾ വീണ സ്ഥലത്തേക്കു പതിച്ചു .എല്ലാവരും നിശ്ചലരായതുപോലെ നിന്നു. പെട്ടന്ന് സ്റ്റെല്ല പറന്ന് വന്ന് ഭൂമിക്ക് മുകളിൽ നിന്നു. അപ്പോൾ എല്ലാവരും ഓടിക്കൂടി പക്ഷെ പെട്ടന്ന്. അവൾ വേറൊരു രൂപത്തിലായി. ആ രൂപത്തിലായതും വായുവിൽ നിന്ന് കുറെ ആക്രമണം അവൾക്ക്

നേരെ വന്നു. ആ ആക്രമണം അവളിലേറ്റ് അവൾ നിലത്ത് വീണു. മെല്ലെ എഴുന്നേറ്റ് ചുറ്റും നോക്കി. അതെന്താണെന്നറിയുവാൻ അവൾ എല്ലായിടവും നോക്കി. അത് പെട്ടന്ന് അവളുടെ ശ്രദ്ധയിൽ പെട്ടു. ഒരു വലിയ അഗ്നിഗോളം തൻെറ നേർക്കുവന്നു അവൾ പെട്ടന്ന് മുകളിലേക്ക് പറന്ന് ആ അഗ്നിയെ തൻെറ ഹൃദയത്തിൽ ആവാഹിച്ച് പറന്നിങ്ങി. അതേ സമയം കുറെപേർ മേഘത്തിൻെറ ഇടയിലൂടെ കറുത്ത മേഘങ്ങളായപോലെ അവർ പ്രത്യക്ഷപ്പെട്ടു. അവർ പറന്നു താഴെയിറങ്ങി. അതൊക്കെ കണ്ടതും എല്ലാവരും ഓടി മാറി അവർ നിന്നിടം ശൂന്യത അനുഭവപ്പെട്ടു. പക്ഷേ ഒരുത്തൻ മാത്രം മാറിയില്ല. അവൾ താഴെ പറന്നിറങ്ങി. അപ്പോൾ ആകാശത്തിലെ തിന്മയുടെ ദേവൻമാർ അവളെ നോക്കി ഒരുമിച്ച് ഒരു മിന്നൽ പ്രവാഹം നടത്തി. അത് അവളുടെ നെറുകയിൽ തന്നെ കൊണ്ടു.

അപ്പോൾ അവൾ തൻെറ സ്വന്തരൂപം അതായത് ദേവതയുടെ രൂപം സ്വീകരിച്ചു. വളരെ മനോഹരമായ രത്നങ്ങളാൽ അലങ്കൃതമായ രൂപം. മുടി, കാൽപാദം തൊട്ട് നിലം മുട്ടും അവസ്ഥ. കണ്ണുകളിൽ ധീരതയുടെ തിളക്കം അവൾ അതീവ സുന്ദരി. വെളുത്തു നല്ല പാൽവെണ്ണ നിറം. അവൾ ആ രൂപം സ്വീകരിച്ചപ്പോൾ അവിടെ വലിയൊരു യുദ്ധം നടന്നു. ആ ദേവതമാർ വന്നത് അവളുടെ ശക്തികൾ അവാഹിക്കാനാണ്. അതിനുവേണ്ടി അവളെ ഒരു മാന്ത്രിക വലയത്തിലാക്കി . അവൾ വലയത്തിൽ ആയ ക്ഷണം അബോധാവസ്ഥയിലായി. അവളോട് ആരോ സംസാരിച്ചു. 'റാണി എഴുന്നേൽക്ക് ഞങ്ങളെ രക്ഷിക്കൂ' അവർ പെട്ടന്ന് എഴുന്നേറ്റ് തൻെറ കൈയ്യിലെ ഒരു മോതിരം ഊരി . അവളുടെ സർവ്വ ശക്തിയുമെടുത്ത് അത് അഗോളം തകർത്തു . ആ ക്ഷണം തന്നെ അവളെ ഒരു മിന്നൽ വന്ന് തട്ടി തെറിപ്പിച്ചു . അവൾ നേരത്തെ ഗ്രൗണ്ട് വിട്ട് പുറത്ത് പോകാതിരുന്ന കുട്ടിയുടെ അടുത്തേക്ക് വീണു. അ കുട്ടി അവളെ സ്റ്റെല്ല എഴുനേൽക്കു എന്നു പറഞ്ഞു വിളിച്ചുണർത്തി . അപ്പോൾ അവളക്ക് ക്ഷീണം തോന്നി . പെട്ടന്ന്

അവൾ അവളെ അക്രമിക്ക്യൽ തുടങ്ങി . അപ്പോൾ അവൻ ആ ആക്രമണം തന്നിലേക്ക് ഏറ്റുവാങ്ങി അവളെ രക്ഷിച്ചു . അവനും ആ ക്ഷണം തന്നെ ബോധംപോയി നിലത്തു വീണു. 'തനിക്കു വേണ്ടി അവൻ അവരുടെ ആക്രമണത്തിനിരയായി .അവരുടെ കാര്യം അവസാനിപ്പിക്കാൻ കഴിഞ്ഞല്ല. ഈ പതിനാലുലോകത്തിനു ഞാൻ റാണിയാണെന്ന് പറഞ്ഞിട്ട് എന്താണ് കാര്യം .'അവൾ ആ മോതിരം ഊരി .ഭൂമിയിലെ സർവശക്തിയേയും വിളിച്ചു വരുത്തി . എന്നുവെച്ചാൽ കാറ്റ് , അഗ്നി, ജലം അങ്ങനെയുള്ള എല്ലാത്തിനെയും. അവൾ എന്നിട്ട് അവർക്ക് നേരെ അക്രമിക്കാൻ തുടങ്ങി. ദേവൻമാർക്ക് ആക്രമണം സഹിക്കാൻ കഴിയാതെ അവർ അവിടെ നിന്നും പോയി. അപ്പോൾ റാണി എല്ലാ ശക്തികളോടും തിരികെ പോകുവാൻ കൽപ്പിച്ചു. അവർ പോയ ശേഷം അവർ അവളുടെ അടുത്തെത്തി . അവൻ അവളുടെ കൂടെ പഠിക്കുന്ന കുട്ടിയായിരുന്നു. അവൾ അവന്റെ നെഞ്ചിൽ തന്റെ കൈവെച്ച് ഉണരാൻ പറഞ്ഞു. അവൻ ഉണർന്നു. അവൾ അവന് വെള്ളം നൽകി. അവൻ അവളോട് നന്ദി പറഞ്ഞു. അവൻ ക്ലാസ്സിൽ പോയി. അവൾ പിളർന്ന ഭൂമിക്കു സമീപം വന്ന് ആ ഭൂമിയെ സ്പർശിച്ചു. അപ്പോൾ ആ നിലം പഴയ അവസ്ഥയിലേക്ക് തിരികെ വന്നു. എന്നിട്ട് അവൾ തന്റെ ഭൂമിയിലെ രൂപം സ്വീകരിച്ചു. പിന്നീട് അവളെ എല്ലാവരും സ്നേഹിച്ചു. എല്ലാവർക്കും അവൾ നല്ലൊരു സുഹൃത്തായിമാറി. അവർ അവളെ ഏത് ആപത്തിലും രക്ഷിച്ചു. അതാണ് സ്റ്റെല്ല. സ്റ്റെല്ലയുടെ കഥയും ഇതുതന്നെ . അവൾ ഒരു ദേവതറാണി. മനുഷ്യജന്മം എടുത്ത് ഭൂമിയിൽ വന്നു വാണു.

അത് എന്തിനാണെന്ന് ആർക്കും അറിയില്ല അത് രഹസ്യം പോലെ പതുങ്ങിയിരിക്കുന്നു

**അഥീന ഷിജു.പി.എസ്**

## വിദ്യാലയം

കണ്ണീർ പൊഴിച്ച് ഞാൻ

വിദ്യാലയ പടിചവിട്ടി

ഇണങ്ങിയും പിണങ്ങിയും

കൂട്ടുകാരോടൊത്ത് ഞാൻ നടന്നു.

പുസ്തകത്താളുകളെൻ മിത്രമാക്കി-

യതെന്നുമെൻ ഗുരുനാഥർ, ദൈവതുല്യർ.

സന്തോഷവും സന്താപവും

ഞാനെൻ കൂട്ടുകാരോടൊത്ത് പങ്കുവച്ചു.

അങ്ങനെ വിദ്യാലയമെന്റെ ലോകമായി

ഇന്നിതാ ഞാനാ പടിയിറങ്ങുന്നു,

ഒപ്പം സൗഹൃദതീരവും മായുന്നു.



**അർപ്പിത മനോജ്,8.സി**

# NATURE IN THE MIDDLE OF POLLUTIONS

Nature ,one of the beautiful gift of God. We all Know that nature helping us in many ways. There are lot of trees , rivers, flowers ..... etc. in our nature to make it more beautiful .



But now a days our nature is in the middle of pollutions. The senseless people try to kill the beautiful nature in their day to day life. They were rejecting the gift of God. There so many pollutions are in the nature like water pollution, soil pollution, air pollution .... we all have responsible for the present situation of our nature. Because these all pollutions caused by the continuous cruel activities of people against nature. It is our duty to protect our nature from the cruel hands against the nature. And we will avoid the situations that lead to the cause of pollutions or harmful to nature. Our dream become change to a pollution free nature. Let's protect our nature from the devils hand of the cruel people. Save nature save our life.



AmaldaThomas, XC

# പറയുവാനാവാതെ.......



നോവിൻെറ നിരയിൽ നിന്നിതാ-
നിൻെറ നൊമ്പരം ഞാനറിയുന്നു-
മറ്റുള്ളവർ നിൻെറ പുഞ്ചിരി -
കാണുമ്പോൾ നിൻെറ ദുഃഖങ്ങൾ
ഞാനറിയുന്നു....

എൻെറ മിഴികളും അണപൊട്ടി
ഒഴുകുന്നു. നിന്നുടെ കണ്ണീരി-
നൊപ്പം എങ്ങുംപറന്നു-
നടക്കുന്ന തെന്നലിൽ-
പടരുന്നു നിന്നുടെ ദുഃഖം....

പറയുവാനായ് കാത്തുവെച്ച-
തെല്ലാം എൻ ഇടനെ-
ഞ്ചിനുള്ളിൽ മയങ്ങട്ടെ.
നിന്നുടെ കണ്ണുനീർ കാണു-
വാൻ വയ്യിനി...അകലുവാൻ-
ഞാൻ ശ്രമിക്കുന്നു......

പ്രീയസഖി നിന്നുടെ പനിനീർ
പൂമുഖം ഒരുനോക്കു കുടിഞാൻ-
കണ്ടോട്ടെ. എന്നിടനെഞ്ചൊന്നു തുടിച്ചീടട്ടെ.....



കൃഷ്ണപ്രിയ .സി.ബി,10 എ

# പഴഞ്ചൊല്ലുകൾ




## മഴ

കുംഭത്തിൽ മഴ പെയതാൽ കുപ്പയിൽ മാണിക്കം.
ചെമ്മാനം കണ്ടാൽ അമ്മാസം മഴയില്ല.
അന്തിക്കുവന്ന വിരുന്നും മഴയും ഒരു പൊലെ.
മകരത്തിൽ മഴ പെയ് താൽ മലയാളം മുടിയും.
ചിങ്ങത്തിൽ മഴ ചിരിക്കും കരയും.
ചിങ്ങത്തിലെ മഴ തെങ്ങിനു നന്ന്.
തിരുവാതിരയിൽ നുറു മഴയും നുറു വെയിലും.

## ഓണം


ഓണം കഴിഞ്ഞാൽ ഓലപ്പുര ഓലപ്പുര
ഓണം പോലെയാണം തിരുവതിര
ഓണം വന്നാലും ഉണ്ണിപിറന്നാലും കോരന് കുമ്പിളിൽ കഞ്ഞി.
ഓണത്തിനിടക്കാണോ കുട്ടകച്ചോടം
ഓണമുണ്ട വയറേ ചൂളം പാടിക്കിട.
ഓണാട്ടാൻ വിതച്ചാൽ ഓണത്തിന് പുത്തരി.
ഓണത്തേക്കാൾ വലിയ മകമുണ്ടോ
കാണം വിറ്റും ഓണം ഉണ്ണണം



Anjana Anuraj,x c

# വിദ്യാലയം

ആദ്യനാൾ എന്നമ്മതൻ
കൈവിരൽത്തുമ്പാലെ മടിച്ചു ഞാൻ നിൽക്കയായീ
ബാല്യകാലസുഹൃത്തുക്കളെ കാൺകേ-ആ മടി
എങ്ങെന്നറിയാതെ പോയീ
ആദ്യാക്ഷരം പഠിപ്പിച്ച അമ്മതൻ
എന്നുടെ ഗുരുനാഥയായ്
വിദ്യാലയമെന്നത് വീടുമായീ
എൻകൂട്ടുകാരൊപ്പം സന്തോഷമായ്
എന്റെ അറിവിനായ്
വെളിച്ചം പകരാനായ്
ദൈവം നിയമിച്ച എൻ ഗുരുക്കളെ.................



അണിഞ്ഞൊരുങ്ങി
കാശുമുടക്കി,കാറുപിടിച്ച്
നമ്മൾപോയീ...,
ഇടുക്കിയിൽ ഡാമുകാണാൻ,
ആലപ്പുഴയിൽ കായലുകാണാൻ
ചെറായിയിൽ കടലുകാണാൻ
ചാലക്കുടിയിൽ വെള്ളച്ചാട്ടം കാണാൻ
അവയെല്ലാം നമ്മെക്കാണാൻ
ഇങ്ങോട്ട് വന്നപ്പോൾ
നമ്മളതിനെ വിളിച്ചു ;
"ദുരന്തം"



**ജസ്ന സജി,8.സി**

# സ്നേഹിച്ചതും സനേഹിക്കാൻ പഠിപ്പിച്ചതും

കാവലായ് നിന്നൊരാ മാലാഖയാണമ്മ
കണ്ണീരിൽ മുങ്ങിയ നിറ ദീപമാണമ്മ
ജനനീ, നിൻസ്നേഹത്തിനതിരില്ല, മതിലില്ല
അരികിലേക്കൊന്നു ഞാൻ ഓടിയെത്തിയെങ്കിൽ
എന്ന് നീ നിനക്കുമ്പോൾ ?
എൻ മനസ്സിന്റെ കോണിൽ ഞാൻ
പ്രതിഷ്ഠിച്ചൊരാ സ്നേഹരൂപം .
ഒരു ചെറു മൈൽപ്പീലി പോലെ
നിൻ സനേഹമെന്നെ തലോടി .
നാം തമ്മിലേതൊ ആചാര്യബന്ധം,
നാം തമ്മിലോതോ സഹചാരഹന്ധം.
പരന്നുകിടന്നൊരാ ജലധിയിൽ,
ഞാൻ ചെറു മരാളമായി നീന്തിത്തുടിച്ച .
നിൻ സനേഹമെന്നിൽ നിന്നെത്ര
ദൂരമകന്നിരുന്നുവെന്ന് ഞാൻ നിനച്ചിരുന്നില്ല
മാനത്ത് മിന്നിത്തിളങ്ങുന്നൊരു താരമായ്
നിന്നെ ഞാൻ കണ്ടു
നീയാണ് ജനനീ എൻ ആചാര്യൻ,
നീയാണ് ജനനീ എൻ സർവ്വവും
നീയാണ് സനേഹം
നീതന്നെ താായേ എൻ ശക്തി .



**ആർഷ സജി ,6.ബി**

# പുഴ



ആറ്റിൽ  കളഞ്ഞിട്ട്  അരികിൽ  തിരഞ്ഞാലോ

ആറ്റിലിറങ്ങിയവനേ ആഴമറിയൂ

പുഴകടന്ന് ചിറയ്ക്കു പോവുക

ആറുകവിഞ്ഞേ തോട്ടിൽ പായൂ

ആറ്റിൽ  കളഞ്ഞാലും അളന്നു കളയണം

കരയടുത്താലും തുഴ കളയരുത്

ആറ്റിൽ കിടക്കുന്ന തോണിയും വായിൽ

കിടക്കുന്ന നാക്കും ഉരുളാതിരിക്കില്ല



**അഞ്ജന അനുരാജ്,10.സി**

## തേങ്ങുന്ന കൊലുസ്സുകൾ

കർമ്മസാകക്ഷിയായ സൂര്യൻ സമയം പത്തായിട്ടും തന്റെ പ്രകാശത്തെ ജീവജാലങ്ങരൾക്ക് പകർന്നുകൊടുക്കാൻ മടിച്ചുനിന്നു . മേഘങ്ങളാൽ നിറഞ്ഞുനിന്ന ആകാശം എതോ തേങ്ങലിന്റെ വിഷാദത്തോടെ കനത്തുനിന്നു .ആവിഷാദംഭൂമിയാകെ തങ്ങിനിൽക്കുന്ന .നീതിപീഠം രാവിലെ തന്നെ ഉണർന്നിരുന്നു. നിമിഷങ്ങളാൽ ഓരോ വിവാഹബന്ധവും അറ്റുപോകുന്ന കാഴ്ച അവിടെ പരിചിതമായെന്നപോലെ കടന്നുപോകുന്ന ആകാശത്തെ പ്രതിനിധികരിച്ച പട്ടുടുപ്പിട്ട ഒരു കൊച്ചുമാലാഖ പിതാവിന്റെ കൈപിടിച്ചെത്തിയപ്പോൾ കൊച്ചുകലുകാൾക്ക് സ്വന്തമായിരുന്ന പാദസരമണികൾ അവിടെ തങ്ങിനിന്ന നിശബ്ദതയുടെ കെട്ടഴിച്ചു . അവ സന്തോഷത്തിലെന്നപോലെ പൊട്ടിച്ചിരിക്കയാണെന്ന് തോന്നും. വിരൽതുമ്പിൽ തൂങ്ങിവന്ന അവൾ ദൂരെനിന്നേ അമ്മയുടെ സാന്നിധ്യം അറിഞ്ഞു .പരിചയക്കുറവെന്നവണ്ണം അവൾ പെട്ടെന്ന് അമ്മയിലേക്കടുത്തിലല്. എന്നാൽ നിമിഷങ്ങൾക്കകം ആ അമ്മമനസ്സിനെ സന്തോഷം അവിടമാകെ ചിരിയുണർത്തി . നേരം 4 മണി കഴിഞ്ഞു എന്ന അറിയിപ്പ് ആ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. വേണോ എന്നങ്കിൽ അമ്മ ആ ഉദ്യോഗസ്ഥനെ ഒന്നുനോക്കി . സമയം വീണ്ടും കടന്നു. സ്നേഹംകൊണ്ട് പൊതിഞ്ഞഅമ്മനെഞ്ചിലെ ചൂട് ആ കൊച്ചുമാലാഖ നന്നേ ആസ്വദിച്ചിരുന്നു. അച്ഛൻ കൈകാട്ടിവിലിച്ചപ്പോൾ കാണിച്ച വിസ്സമ്മതവും അതിനാലാണ്. എന്നാൽ പിതാവിന്റെ വാശി ആ സേനഹവലയത്തിൽനിന്ന് അവളെ


പഠിച്ചെടുക്കാൻ കാരണമായി. ആ വേർപ്പെടുത്തൽചേർന്നിരുന്ന രണ്ട പിതാവി മനസ്സുകളെയും വല്ലാതെ വേദനിപ്പിച്ചു. ആ കോടതി വരാന്തയാകെആ വേർപ്പെടുത്തലിന്റെ വിഷാദം അലയടിച്ചു. ആവുന്നതര ശബ്ദത്തിൽ അവൾഅലറിക്കരഞ്ഞു തിരിച്ച് അമ്മയിലേക്കടുക്കാൻ ;അവളുടെ ആ ആഗ്രഹം സാധിപ്പികാതെ പിതാവ് അവളെയുംകൊണ്ട് പുറത്തേക്ക്നടന്നു. നിശബ്ദതയെ ഭേദീകരിച്ച് ചിരിച്ച്കൊണ്ടെത്തിയ ആ കൊലുസ്സിന്റെ മണികൾ ഈ നിശബ്ദതയെ അലറിക്കരഞ്ഞ് ഭേദീകരിച്ചാണ് മടങ്ങിയത്. ആ മണികിലുക്കം ഒരു മണിമുഴക്കം പോലെയാണ്അവിടമാകെ പര്തിധ്വനിച്ചത് , ആ അമ്മ മനസ്സിലും...............



**നിരഞ്ജന.പി.ആർ**



Abhijith.K.P, 9.c



Anusha Byju.8.A



Amitha V S,9.B




Sidharth KK, 7.D


Anusha Byju,8.A


Soorya K P,9.B

# Work While you work



Work while you work
Play while you play
One thing each time
That is the way


All that you do
Do with your might
Things done by right



RITTA MARIYA,7.D

# വിദ്യാലയം ഒരു ഓർമ്മ

മാതാപിതാക്കളുടെ കൈകൾ പിടിച്ച് ആദ്യാക്ഷരങ്ങൾ കുറിക്കുവാൻ അക്ഷരമുറ്റത്തേക്ക് കാലെടുത്തുവെച്ചപ്പോൾ പിന്നീട് വിദ്യാലയം ഒരു ഓർമ്മയാകുമെന്ന് കരുതിയതേയില്ല. കൂട്ടുകൂടാൻ ഒരായിരം കൂട്ടുകാരും.ജയശ്രീ സ്കൂളിലെ ഓരോ ദിനങ്ങളും അനുഭവസമ്പന്നമായ ദിനങ്ങൾ കൊണ്ട് പ്രിയപ്പെട്ടതാണ്. തേടിപ്പോകാതെ ഓടിയടുത്തുകൂടിയ സൗഹൃദങ്ങളും, പിന്നെ തർക്കങ്ങളും തല്ലുകൂടലുമായി ഓർമ്മകൾക്ക് നിറം പകരുന്ന ഒത്തിരി നിമിഷങ്ങൾ കൊണ്ട് അലങ്കരിച്ച ഈ ദിനങ്ങൾ മാത്രമാകില്ല , ഈ സ്കൂളിന്റെ തുടക്കം മുതൽ ഒരുപാട് ഒരുപാട് പേർ അനുഭവിച്ചും ആനന്ദിച്ചും പോരുന്ന നല്ല നിമിഷങ്ങൾ ആവും. അവയോരോന്നും ഇന്നത്തെ നല്ല പ്രഭാതങ്ങളും നാളയുടെ പുലരികൾക്ക് നല്ല ഓർമ്മകളുമാകും. ഒരു മഴക്കാലത്തിന്റെ മുഴുവൻ മാധുര്യമുണ്ട് ഓർമ്മകൾക്ക് നിഷ്കളങ്കമായ സൗഹൃദങ്ങളുടെ കാലം. വൈകിക്കയറിയ ക്ളാസ്സുകളിൽ ബസ്സ് കിട്ടിയില്ല ടീച്ചർ എന്ന സ്ഥിരം പല്ലവി. ഫ്രീ പിരീഡുകളിലെ കുസൃതികളും കൊച്ചു കൊച്ചു വഴക്കുകളും,കൂട്ടുകാരുടെ പേരെഴുതിയ ചുമരുകളും ഡസ്കുകളും , തിരക്കിട്ടെഴുതിയ ഇംബോസിഷനുകൾ . കയ്യിട്ടുവാരിയും പങ്കിട്ടും കഴിച്ച ഭക്ഷണം. ടീച്ചർ വരുന്നവരെയുള്ള ബാക്ബഞ്ചിലെ ഡസ്കിൽ കൊട്ടിപ്പാട്ടും, ഇതരകലാപരിപാടികളും , ടെൻഷനടിപ്പിച്ച ടെസ്ററുപേപ്പറുകൾ വലതുകയ്യിൽ കിട്ടാറുള്ള ചൂരൽ വെച്ചുള്ള അടികൾ. പിറന്ന ഉത്സവപ്രതീതിയോടെ യൂത്ത് ഫെസ്റ്റിവൽ വിദ്യാലയ ജീവിതം കളർഫുൾ ആക്കിയത്. ആഴത്തിലുള്ള സുഹൃത്ബന്ധം തന്നെയാണ് എന്റെ കൂടെനിൽക്കുന്ന കൂട്ടുകാർ. ടീച്ചർ ചോദ്യം ചോദിക്കുമ്പോൾ അടുത്തിരുന്ന് പറഞ്ഞു തരുന്ന കൂട്ടുകാർ. ക്ളാസിനു പുറത്താക്കുമ്പോൾ കൂടെ നിൽക്കുന്ന കൂട്ടുകാർ. ഗ്യാങ്,ടീമുകൾ കൊണ്ടു നിറഞ്ഞു. അങ്ങനെ ജൂൺമാസം അമ്മയുടെ കൈ പിടിച്ച് ആ പടികൾ ചവിട്ടിയതുമുതൽ മറ്റൊരു വേനലിന്റെ തുടക്കത്തിൽ മനസ്സില്ലാമനസ്സോടെ അതേ പടികൾ ഇറങ്ങുന്നതുവരെയുള്ള എത്രയോ സുന്ദരമുഹൂർത്തങ്ങൾ. തുടക്കവും ഒടുക്കവും കണ്ണുകൾ നനയിച്ചത് ഒരേ വികാരം തന്നെയാണ്, രണ്ടും വ്യത്യസ്ഥഭാവങ്ങളിൽ..... ഇന്ന് ഇതാ എഴാം ക്ളാസിന്റെ അവസാനനാളുകൾ എന്നിലേക്ക് എത്തുന്നു.



**ദിൽഷ്യ പോലോസ്, 7.ഡി**

# വർഷകാലം

വന്നല്ലോ വന്നല്ലോ

വർഷകാലം

വന്നുകഴിഞ്ഞാല്ലോ കഷ്ടകാലം

വർണ്ണത്തിൽ നീരാടി

തുള്ളിക്കളിച്ചെത്തും തുമ്പിക്കൈവണ്ണത്തിൽ

വർഷകാലം

മഴയത്തും മഞ്ഞത്തും

കുളിരായും മഴയായും

കുടചൂടി നിൽക്കുന്ന വർഷകാലം

കലിതുള്ളി മഴ വന്നു

കനിവില്ല മഴയത്ത് കലിയുള്ള

കാറ്റായി കലികാലമെത്തുന്ന

വർഷകാലം

വന്നല്ലോ വന്നല്ലോ വർഷകാലം



**അരവിന്ദ് സി.എസ്,8.ബി**

# വൈകി വന്ന വിവേകം



ഒരു ഗ്രാമത്തിൽ ദമ്പതികൾ താമസിച്ചിരുന്നു . വളരെ നാളുകളുടെ കാത്തിരിപ്പും പ്രാർത്ഥനക്കുശേഷം , അവർക്കൊരു ആൺകുട്ടി ജനിച്ചു .അവന് അമൽ എന്ന് പേരിട്ടു അമലിനെ സ്നേഹവാത്സല്യങ്ങൾ നൽകി വളർത്തി. അവൻ വലുതായി. അവന്റെ പഠനത്തിനായി അവർ വളരെ കഷ്ടപ്പെട്ടു. തുടർപഠനത്തിനായി ദൂരത്തേക്ക് പോയി. പിന്നീട് പഠനം പൂർത്തിയാക്കി എത്തിയ മകന്റെ വിവാഹം നടത്തി. അവർ സന്തോഷത്തോടെ അവർ ജീവിച്ചു തുടങ്ങി.

എന്നാൽ അത് താൽകാലികമായിരുന്നെന്ന് ആ മാതാപിതാക്കൾക്ക് മനസ്സിലായില്ല. അമലിനും ഭാര്യക്കും മാതാപിതാക്കൾ ഒരു ഭാരമായിതോന്നി. ഭാര്യയുടെ പ്രേരണമൂലം അമൽ അച്ഛനമ്മമാരെ വൃദ്ദസദനത്തിൽ കൊണ്ടാക്കി. വൃദ്ദസദനത്തിൽ എത്തിയ അവർ തങ്ങളെ പോലെ മക്കളെ ഓർത്ത് വിഷമിക്കുന്നവരെ കണ്ടു. തന്റെ മകന് നന്മകൾ മാത്രം ഉണ്ടാകണമെന്നവർ ആ അവസഥയിലും ആഗ്രഹിച്ചു.

അങ്ങനെ നാളുകൾ കടന്നു പോയി.ഒരു ദിവസം അമലിന്റെ സുഹൃത്ത് അയാളുടെ വീട്ടിൽ വന്നു.അയാൾ അനാഥനായിരുന്നു .ഒരിക്കൽ അമലിന്റെ വീട്ടിൽ വന്നിട്ടുണ്ട്.അന്ന് അമലിന്റെ മാതാപിതാക്കളുടെ സ്നേഹം അയാളുടെ ജീവിതത്തിൽ സ്വാധീനിച്ചു.തന്റെ മകനായി അവർ അയാളെ കണ്ടു. നീ അനാഥനല്ല നിനക്ക് ഞങ്ങളെല്ലാം ഉണ്ട് വിഷമിക്കരുത് എന്ന് പറഞ്ഞ ആ അമ്മയുടെ വാക്കുകൾ അയാളെ സാന്ത്വനിപ്പിച്ചു. അവരെ കാണാൻ എത്തിയതാണയാൾ.

എന്നാൽ അവരെ വൃദ്ദസദനത്തിൽ കൊണ്ടാക്കി എന്ന അമലിന്റെ വാക്കുകൾ കേട്ട് അയാൾ വിഷമിച്ചു. സ്വന്തം മാതാപിതാക്കളെ വൃദ്ദസദനത്തിൽ കൊണ്ടാക്കിയ അയാളോട് ദേഷ്യം തോന്നിയെങ്കിലും,പിന്നീട് അയാൾക്കതൊരു സഹതാപമായിതോന്നി. കാരണം ഇത്രയും സ്നേഹിക്കാൻ മാത്രമറിയുന്ന അവരെ മനസ്സിലാക്കാൻ അമലിന് സാധിച്ചില്ലല്ലൊ എന്നോർത്താണ് അയാൾക്ക്

സഹതാപം തോന്നിയത്.അയാള് പറഞ്ഞു. “ നിന്നെ നീയാക്കി തീർത്തത് അവരല്ലെ ? ". നിനക്ക് ഒരു രൂപവുമില്ലാതിരുന്നാൾ മുതൽ നിന്നെ ജീവനുതുല്യം സ്നേഹിച്ചത് നിന്റെ അച്ഛനമമ്മയുമാണ്. പിന്നീട് മാത്രമാണ് സുഹൃത്തുക്കളും ബന്ധുക്കളും ഉണ്ടായത്. അതുപോലെ നമ്മുടെ നന്മകൾ മാത്രമാഗ്രഹിക്കുന്നതും അവർ മാത്രമായിരിക്കും. നിനക്ക് അറിയാമല്ലൊ ഞാൻ അനാഥനാണ്, അന്ന് എനിക്ക് തന്ന ആ സ്നേഹത്തിന്റെ ഓർമ്മയാണ് വീണ്ടും എന്നെ ഇവിടെ എത്തിച്ചത്. ആ സുഹൃത്തിന്റെ വാക്കുകൾ അദ്ദേഹത്തെ സ്വാധീനിച്ചു .ആ വാക്കുകൾ തന്റെ ഹൃദയത്തിലേക്ക് താഴ്ന്നിറങ്ങി

അമൽ ആലോചിച്ചു താൻ എന്താണ് ചെയ്തത്, ഒരിക്കലും ചെയ്യാൻ പാടില്ലായിരുന്ന അത്. അയാൾ തന്റെ മാതാപിതാക്കളെ കൊണ്ടാക്കിയ വൃദ്ദസദനത്തിൽ എത്തി,അവരെ തിരികെ കൊണ്ടുപോകാൻ,എന്നാൽ അവൻ അവരെ കണ്ടില്ല ഒരു അന്തേവാസിയിൽ നിന്നാണ് അയാൾ ആ സത്യം അറിഞ്ഞത് . തന്റെ മാതാപിതാക്കൾ ഒരാഴ്ച്ച മുൻപ് മരിച്ചു ! തന്നെ കാണണമെന്നവർ വളരെയധികം ആഗ്രഹിച്ചു.ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല എന്നയാൾ അറിഞ്ഞു. അമലിന് സങ്കടം സഹിക്കാനായില്ല. അയാൾ പൊട്ടിക്കരഞ്ഞു. തന്റെ അച്ഛനെയും,അമ്മയെയും കാണാനായില്ലല്ലൊ എന്നത് അയാളെ നോവിച്ചു. അവരെ അടക്കിയ സ്ഥലത്തെത്തി,അയാൾ പൊട്ടിക്കരഞ്ഞു.എന്നോട് ക്ഷമിക്കണമേ എന്ന് പ്രാർത്ഥിച്ചു.അമ്മയോടും അച്ഛനോടും തന്റെ തെറ്റുകൾ ക്ഷമിക്കണേ എന്ന് പറഞ്ഞു.
വൃദ്ധസദനത്തിലെ ഒരാൾ അമലിനെ ആശ്വസിപ്പിച്ചു," പശ്ചാത്താപമാണ് പാപത്തിന്റെ മോചനം",നിന്റെ ഈ പശ്ചാത്താപം കണ്ട് നിന്റെ മാതാപിതാക്കൾ സന്തോഷിക്കുന്നുണ്ടാകും. നിനക്ക് മനസ്സിലായി മാതാപിതാക്കതൾ നമ്മുടെ സൗഭാഗ്യമാണ്.അവരെ ദൈവത്തെ പോലെ കാണണമെന്ന്.അതിനാൽ ആയിരുന്ന നീ അവരെ തിരികെ കൊണ്ടുപോകാൻ വന്നത്.എന്നാൽ അതിന് മുൻപ് പോയിരുന്ന,സാരമില്ല,നീ തെറ്റ് തിരിച്ചറിഞ്ഞല്ലൊ,എന്നാൽ കുറേ പേർ അത് തിരിച്ചറിഞ്ഞിട്ടില്ല.അയാളുടെ വാക്കുകൾ അമലിന് ആശ്വാസമേകി.ഇനി ഒരു ജന്മം കൂടിയുണ്ടെങ്കിൽ എനിക്കീ മാതാപിതാക്കളെ തന്നെ തരണേ...പിന്നീട് അവരുടെ കുഴിമാടത്തിന്റെ അരികിൽ നിന്ന് പ്രാർത്ഥിച്ചു.ശേഷം അയാൾ അവിടെ നിന്ന് നടന്നു നീങ്ങി




സൂര്യകൃഷ്ണ, 10,സി





Sreethu Prabhakaran,
10.C



Sajith V S , 7.C




**Krishnapriya P P, 9.B**



## ആരവങ്ങളുടെ അതിമധുരം _ യാത്രാ വിവരണം



നമ്മുടെ സ്വപ്നസാക്ഷാൽക്കാരത്തിന്റെ ആദ്യചവിട്ടുപടി പത്താംക്ലസ്സാണ്. തലപുകഞ്ഞ ആലോചനകളിലും പരീക്ഷകളിലും ചൂടുനിറഞ്ഞ ക്ലാസ്സുറികൾക്കും അവധിനൽകി തെല്ലൊരു ആശ്വസമായ് പെയ്തിറങ്ങുന്ന കുളിർമഴയാണ് പത്താംക്ലസ്സ് പഠനയാത്ര. എല്ലാത്തരം കലാ-കയിക മത്സരങ്ങളും കഴിഞ്ഞശേഷം മനസ്സിലൂടെ കടന്നുപോയ തണുത്തകാറ്റാണ് ആ വിനേദയാത്ര.

കല്ലുവയൽ ജയശ്രീഹയർസെക്കൻെറി സ്കൂളിൽ നിന്നും രണ്ട് ബസ്സുകളിലായി 101 വിദ്യാർത്ഥികളും 10 അധ്യാപകരും അടങ്ങുന്ന ഒരു വലിയ കുടുംബമാണ് മൈസൂർ, ബാംഗ്ലൂർ, എന്നീ സ്ഥലങ്ങളിലേക്കുള്ള 2018 ഒക്ടോബർ 13,14 തീയ്യതികളിലെ പഠനയത്രയിൽ പങ്കെടുത്തത്.

ആദ്യമായി ആദ്യാക്ഷരങ്ങൾ ചൊല്ലിപഠിക്കുന്നതിനായി അന്ന് നാം വിദ്യാലയത്തിന്റെ തിരുമുറ്റത്ത് പാദങ്ങൾ ഊന്നിയത് കണ്ണീരോടെയാണ് . അച്ഛനമ്മമാരുടെ വിരലിൽ പിടിച്ച് 'എനിക്ക് സ്കുളിൽ പോകണ്ട' എന്ന് പറഞ്ഞു കൊണ്ട് നാം ക്ലാസ്സുറികളിൽ കയറിയിരുന്നു എന്നാൽ അന്നത്തെ ദിവസം ശനിയാഴ്ച്ച ക്ലാസില്ലെങ്കിൽ കിടക്കപായയിൽ നിന്നും 6 മണിയായാലും എഴുന്നേൽക്കാത്തവർ യാത്രയാണെന്ന് അറിഞ്ഞ് അലാറം വച്ച് 3:30 ക്ക് എഴുന്നേറ്റ് കുളിക്കുകയും പുസ്തകങ്ങൾ ബാഗിൽ എടുത്തുവയ്ക്കാൻ മടിക്കുന്നവർപോലും യാത്രയ്ക്ക് ആവശ്യമായ സാധനങ്ങൾ തലേദിവസം രാത്രിതന്നെ ബാഗിൽ എത്തിച്ചിരിക്കുകയും ചെയ്തു . വീട്ടുകാരോടെല്ലാം യാത്രപറഞ്ഞ് അച്ഛന്റെ വിരലിൽ പിടിച്ച് ആഹ്ലാദംകൊണ്ട് തുള്ളിച്ചാടിവരുന്ന

വിദ്യാർത്ഥികളെ അന്ന് 5:00 മണിയോടെ സ്കൂൾമുറ്റത്ത് കാണാനായി.

ഭൂരിഭാഗം വിദ്യാർത്ഥികളും സ്കൂളിൽനിന്നും അതിൽ നിന്നും കുറച്ച് വിദ്യാർത്ഥികൾ മാത്രം വഴിയരികുകളിൽ നിന്നും ബസ്സിലേക്ക് പാഞ്ഞുകയറി. അകലെനിന്നും വരുന്നബസിന് ഹോൺ അടിച്ച വരേണ്ട ആവശ്യമില്ലായിരുന്നു. കാരണം ഞങ്ങളുടെ ആരവ ആഹ്ലാദതിമിർപ്പുകൾ വഴിയരികികഴിൽ നിന്ന വിദ്യാർത്ഥികൾക്ക് ബസ്സ് വരുന്നുണ്ട് എന്ന സൂചന നൽകിയിരുന്നു.

ഞാൻ ബസ്സിൽകയറി നോക്കുമ്പോൾ എന്റെ സഹപാഠികൾ സീറ്റൽ ഇരിക്കാതെ ബസ്സിൽനിന്ന് അടിച്ചുപൊളിക്കാൻ തരത്തിലുള്ള പാട്ടുകൾ ബസ്സിൽ ഇട്ട് മതിമറന്ന് യാത്ര സന്തോഷകരമായി ആസ്വദിക്കുകയായിരുന്നു. എല്ലാവരും അധ്യാപകരെ തന്റെ സ്വന്തം സഹപാഠിയായികണ്ട് അവരെയും നമ്മുടെ ആരവങ്ങളിലേക്ക് സ്വാഗതം ചെയ്തു .അവർ തന്റെ പ്രായം നോക്കാതെ തങ്ങൾക്കും ഈ വിദ്യാർത്ഥികളുടെ പ്രായമേ ഉള്ളു എന്ന കരുതി മനംമറന്ന് ഡാൻസ് കളിക്കുകയും പിന്നീട് ഡാൻസ് ആസ്വദിക്കുകയും ഞങ്ങൾക്ക് വേണ്ടുന്ന പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരുന്നു.ആദ്യം ഞങ്ങളുടെ മൈസൂരിലേക്കായിരുന്നു..........

ഉണ്ടിൽപ്പേട്ട വഴിയായിരുന്നു യാത്ര.മുത്തങ്ങ ചെക്ക്പോസ്റ്റ് എത്തിയത് ബസ് നിർത്തിയപ്പോൾ ആണ് അറിഞ്ഞത്. അവിടെ നിന്ന് കുറച്ച് ദൂരം നീങ്ങിയപ്പോൾ ഞങ്ങളുടെ പ്രഭാത ഭക്ഷണം തയ്യാറായി കഴിഞ്ഞിരുന്നു എന്നൊരു സൂചന കിട്ടി.ആഘോഷതിമർപ്പിൽ വിശപ്പ് അറിഞ്ഞിരുന്നില്ലെങ്കിലും ഭക്ഷണമെന്ന് കേട്ടപ്പോൾ വിശപ്പ് തലപൊക്കി.അവിടെ അടുത്ത് ഉണ്ടിൽപ്പേട്ട ക്രൈസ്റ്റ് സ്കൂളിൽ നിന്നും പ്രഭാത ഭക്ഷണമായി അപ്പവും പച്ചക്കറിയും ചായയും കഴിച്ചു. വിശപ്പിന് തെല്ലൊരു ആശ്വാസം ലഭിച്ചു.സ്കൂളും സ്കൂൾ പരിസരവും അതിസൂക്ഷ്മമായിതന്നെ ഞങ്ങൾ വീക്ഷിച്ചു. മനോഹരമാട അന്തരീക്ഷം - യാത്ര തുടർന്നു.

മൈസൂരിലെ ഞങ്ങളുടെ ആദ്യത്തെ സന്ദർശന സ്ഥലം *സുകവൻ* ആയിരുന്നു.ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ തത്തകളും അവയുടെ മുന്നൂറോളം ഇനങ്ങളും ഞങ്ങൾക്ക് അവിടെ പരിചയപ്പെടാൻ ഉണ്ടായിരുന്നു.തത്തകളുടെ ഓമനപ്പേരും അവിടെ നിർദ്ദേശിച്ചിരുന്നു.അവയുടെ പേര് വിളിക്കുമ്പോൾ അവ നമ്മോട് സംസാരിക്കുകയും നമ്മളുടെ അടുത്തേക്ക് പാഞ്ഞ് വരുകയും ചെയ്തിരുന്നു.നല്ലപോസിറ്റിവ് എനർജി ലഭിക്കുന്ന സ്ഥലമായിരുന്നു *സുകവൻ ഗാർഡൻ*
നല്ല മനോഹരമായ പച്ചപ്പാർന്ന പൂന്തോട്ടവും വിവിധതരത്തിലും നിറത്തിലുമുള്ളവൃക്ഷങ്ങളും പൂക്കളും സസ്യലത്ദികളും അവിടെ ഞങ്ങളുടെ മുന്നിൽ പ്രത്യക്ഷമായമി.അവിടെ നിന്നും ഞങ്ങൾ നേരെ യാത്ര ചെന്നെത്തിയത് മൃഗശാലയിലായിലായിരുന്നു.വളരെമനോഹരമായിരുന്നു അതിന്റെ അന്തരീക്ഷം.കാട്ടിൽ ജീവിക്കുന്ന എന്ന കേട്ടറിവും ടെലിവിഷനിൽ കാണുന്ന കണ്ടറിവുകളും മാത്രമേ ഞങ്ങൾക്ക് ഭൂരിഭാഗം മൃഗങ്ങളെകുറിച്ചും ഉള്ളൂ.ഞങ്ങൾ പല പല ഗ്രൂപ്പുകളായി അദ്ധ്യാപകരുടെമേൽനോട്ടത്തിൽ കാഴ്ചകൾ കാണാൻ തുടങ്ങി............. കാണാനായി

ഒരുപാടുണ്ട്-സിംഹം,പുലി,ജിറാഫ്,ഹിപ്പപ്പൊട്ടാംസ്, പലതരത്തിലുള്ള മാൻ, കുറുക്കൻ,കരടി,..........എണ്ണിയാൽ തീരാത്ത മൃഗങ്ങൾ ഉണ്ടായിരുന്നു അവിടെ.കാണുമ്പോൾ ഭയം തോന്നുന്നതരത്തിലുള്ള മലമ്പാമ്പ്,പെരുമ്പാമ്പ് ,അനാകോണ്ഡ,പച്ചിലപാമ്പ് ................ എല്ലാവരും കൂടി അവിടെ നിന്ന് കുറച്ച് നല്ല ഫോട്ടോകൾ എടുത്തു.

വീണ്ടും ഞങ്ങളുടെ യാത്ര സമയം 12.30 യോടെടുത്തു .രാവിലെ പ്രഭാതഭക്ഷണം കഴിഞ്ഞ് ഉറങ്ങിയ വിശപ്പ് ചെറിയതോതിൽ തലപൊക്കിതുടങ്ങിയിരുന്നു. അടുത്തസ്ഥലം മൈസൂർ പാലസായിരുന്നു .അകലെനിന്ന് കാണാൻ എന്തൊരുഭംഗി വലിയ രാജകീയമായ കൊട്ടാരങ്ങൾ .അതിൻെറ മറുഭഗത്ത് ഇപ്പൊഴും താമസമുണ്ട് എന്ന അറിവ് ഞങ്ങൾക്ക് അദ്ധ്യാപകരിൽ നിന്നു ലഭിച്ചു. കാണാൻ നല്ല തലയെടുപ്പുള്ള സ്ഥലം .ചെരുപ്പുകൾ അഴിച്ചു . അവിടത്തെ കൗണ്ടറിൽ ഞങ്ങൾ പെട്ടിയിലാക്കി അവിടെ കൊടുത്തു . ഇനി അതുകാണാനയി ആവേശം തുളമ്പി .അവസാനം അകത്തോക് മെല്ലെമല്ലെ പിച്ചവച്ചുതുടങ്ങി. പടികൾ കയറി, എന്തൊരുവലിയ കൊട്ടാരമാണ്.ദസറ ആയതിനാലാകണം അവിടെ സന്ദർശകരുടെ എണ്ണം വളരെ കൂടുതലായിരുന്നു. ഞങ്ങൾ എല്ലാംതന്നെ അതിസൂക്ഷമമായി വീക്ഷിച്ചു. രാജാവിൻെറ ഇരിപ്പിടങ്ങളും ,സിൽവർ വാതിലും,പലതരം മരപ്പണികൾ ചെയ്തിട്ടുള്ള വലിയ വലിയ വാതിലുകളും അവിടെ പ്രത്യക്ഷമായിരുന്നു.വിവിധ നിറത്തിലുള്ള സംതൂഭങ്ങൾ,കാണാൻഭംഗിയുള്ള മുറികൾ, അതിമനോഹരമായബാൽക്കണി,ഒട്ടനവധി രാജാക്കന്മാരുടെ ആകർഷകമായ ചിത്രങ്ങൾ എന്നിവ ആസ്വദിച്ച് പാലസിൻെറ എല്ലാഭാഗങ്ങളും ഞങ്ങൾ നടന്നു കണ്ടു. ആ സമയത്ത് വന്ന വിശപ്പ് അറിഞ്ഞിരുന്നില്ല. ചുമർചിത്രങ്ങളെല്ലാം കണ്ടുകൊണ്ടിരിക്കുന്നതിനിടെ ആ ഭംഗിയിൽ വിശപ്പ് അലിഞ്ഞുപോയെങ്കിലും ബസിൽ തിരിച്ചു കയറിയപ്പോൾ കൂടെപിറപ്പ് വീണ്ടും അവകാശവുമായി വന്നു. എങ്കിലും സന്തോഷത്തിനും ഡാൻസിനും വലിയ കോട്ടം തട്ടാതെ ഞങ്ങൾ പങ്കെടുക്കുകയും ചെയ്തു.

അടുത്തതായി ഞങ്ങൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള സമയമായിരുന്നു- അപ്പോഴേക്ക് മൂന്നുമണി കഴിഞ്ഞിരുന്നു വിഭസമൃമായ സദ്യയായിരുന്നു ഭക്ഷണം. വിശപ്പ് തലകുനിച്ച് യാത്രപറഞ്ഞു നമുക്ക് ഇനി ഒരു കാരാഗ്രഹത്തിലേക്ക് പോകാമെന്ന് പറഞ്ഞു യാത്ര നേരെ അങ്ങോട്ട് . പണ്ട് ടിപ്പുസുൽത്താൻ പാപികളായ ജനഹ്ങളെ ആ കാരാഗ്രഹം വെള്ളത്തിലാഴ്ത്തു കാണാൻ കൗതുകമായുതീർത്തിരുന്ന അത്. ഒരുപാടു തീണകളും സ്തൂഭങ്ങളും അതിൽ കാണാനായി. അവിടെ നിന്നും ഞങ്ഹൽ എല്ലാവരും തന്നെ ഐസ്ക്രീം കഴിക്കുകയും കഴിക്കുന്നതിന്റെ ചിത്രങ്ങൾ ബെന്നിസാറും, രാജൻസാറും ഫോണിലെ ക്യാമറയിൽ പകർത്തുകയും ചെയ്തിരുന്നു.അവിടെനിന്നും യാത്രനേരെ ചെന്നെത്തിയത് മൈസൂർ രാജാവായി ഭരണം നിർവഹിച്ചിരിന്ന ടിപ്പുസുൽത്താന്റെ സമ്മർ പാലസിലേക്ക്. അതിമനോഹരമായ പൂന്തോട്ടത്തിനും വലിയ വലിയ മരങ്ങൾക്കും നടുവിലായി കുറ്റൻ കൊട്ടാരങ്ങളും മൈസൂർ പാലസുപോലെ കാണാൻ വളരെ ഗാംഭീരായമുള്ള കൊട്ടാരമാണ് ടിപ്പുസുൽത്താന്റെ സമ്മർ പാലസ്. ടിപ്പുസുൽത്താൻ ഉപയോഗിച്ചിരുന്ന പാത്രങ്ങളും നാണയങ്ങളും,വാളുകളും, ആയുധങ്ങളും, വസ്ത്രങ്ങളും

അവിടെ കണ്ടാനായി ഉണ്ടായിരുന്നു. വിവിധതരം ചുമർ ചിത്രങ്ങളാൽ അലങ്കൃതമായിരുന്നു,ടിപ്പുസുൽത്താന്റെ സമ്മർ പാലസ് കാണാൻ വളരെ ഭംഗി തോന്നി. കൗതുകം ഉണർത്തുകയും ചെയ്തിരുന്നു.

ഞങ്ങൾ ബസ്സിലേക്ക് ചാടിക്കയറി ഇനി എങ്ങൊട്ടാണ്എന്ന ചോദ്യത്തിന് സുരേഷ് സാർ മറപടി നൽകിയത് വൃന്ദാവനം എന്നാണ്. കണാൻ വളരെയേറെ ഭംഗിയും കൗതുകമുണർത്തുകയും ചെയ്യുന്ന ഒന്നായിരുന്നു വൃന്ദാവനം. മനസ്സിനെ പുഞ്ചിരിയിലേക്ക്ആഴ്ത്തുന്ന ഒന്നായിരുന്നു അവിടത്തെ കാഴ്ച്ചകൾ. ഞങ്ങൾ വൃന്ദാവനത്തിന്റെ ഏകദേശം മധ്യഭാഗത്തെത്തിയപ്പോൾ ഒരു പച്ചപരവതാനി വിരിച്ചതുപോലെ-പുൽനിരപ്പിടങ്ങൾശ്രദ്ധയിൽപെട്ടു.ഞങ്ങൾഅൽപ്പം വിശ്രമത്തിനായി അവിടെ ഇരുപ്പുറപ്പിച്ചു. പിന്നെ ഇത് ആസ്വദിക്കനായി പെൺകുട്ടികൾ ഒരു ടീമും ആൺകുട്ടികൾ ഇരു ടീമുകളായി അന്ത്യാക്ഷരി കളിക്കാൻ തുടങ്ങി. ഒട്ടും വിട്ടുകൊടുക്കാൻ തയ്യാറാകാതെ ഇരുവരും പരിശ്രമിച്ചു. ഒടുവിൽ ഇരുകൂട്ടർക്കും സമനിലയിൽ പോയിന്റ് നിലവാരം എന്നുറപ്പിച്ച് ഞങ്ങൾ വൃന്ദാവനം നടന്നു നീങ്ങി കാണുവാനായി കുതിച്ചു. വലിയ ഒരു ഡാം കാണുവനിടയായി. പൂക്കൾക്കുമിതെ എൽ ഇ ഡി ബൾബുകളും കളർലൈറ്റുകളും സ്ഥാപിച്ചതുകാണാനായി നല്ല ആകർഷകമനോഭാവം തോന്നിതുടങ്ങിയിരുന്നു. ഇടയിലൂടെ ഒഴുകുന്ന നദികളും വൃന്ദാവനത്തെ പൊതുവിലും ആകർഷകമാക്കാനായി സഹായിച്ചു. രാത്രിയാവാറായതിനാലാകണം സന്ദർശകർ പുഴപോലെ ഒഴുകിയെത്തികൊണ്ടിരുന്നു. അതിനിടെ ഞങ്ങളുടെ ചാമുണ്ടിപോകേണ്ട
യാത്ര താൽക്കാലികമായി പിൻവലിക്കേണ്ട അവസ്ഥ വന്നു. ഞങ്ങൾക്ക് സാധനങ്ങൾ മേടിക്കണമെന്നുള്ള പ്രധാന ഉദ്ദേശം കുടി ചാമുണ്ടി എന്ന സ്ഥലത്തേക്കുള്ള യാത്രയുടെ പിന്നിലുണ്ടായിരുന്നു. പക്ഷെ ചാമുണ്ടി ഇല്ലെങ്കിൽ വൃന്ദാവനം എന്നു പറഞ്ഞത് വിദ്യാർത്ഥികൾ ഒന്നടങ്കം വഴിയരികുകളിലെ കടക്കളിലേക്ക് പാഞ്ഞു. പല സാധനങ്ങൾ വിലപേശിതന്നെ ഇവർ വാങ്ങികൊണ്ടിരുന്നു.ഒൻപത് മണിയോടെ ഞങ്ങൾ ആ യാത്ര അവസാനിച്ചു. ഇനി മൈസൂർ സിറ്റിയിലെ ദസറയുടെ ആഘോഷങ്ങൾ കാണുന്നതിലേക്ക് ഞങ്ങളുടെ ശ്രദ്ധ മാറികഴിഞ്ഞിരിക്കുന്നു. മരങ്ങളിലും സ്ഥാപനങ്ങളിലും റോഡുകളിലൂടെ ദസറയുടെ ആഘോഷത്തിന്റെ ഭാഗമായി എൽ ഇ ഡി ലൈറ്റുകൾ കോണ്ട് അലങ്കരിച്ചിരിക്കുന്നത്ഞങ്ങൾ സന്തോഷപൂർവ്വം നോക്കി കൊണ്ടു ഞങ്ങൾ ഉച്ചഭക്ഷണം കഴിക്കാനെത്തിയ സ്ഥലത്ത് വീണ്ടും എത്തിച്ചേർന്നു. രാത്രി ഭക്ഷണം ചിക്കൻ ബിരിയാണി ആയിരുന്നു. വളരെ നല്ല സ്വാദേറിയ ഭക്ഷണമായിരുന്നു. എല്ലാവർക്കും തന്നെ ഇഷ്ടപ്പെട്ടു. അതിനുശേഷം ഒരു പത്തുമിനിറ്റ് യാത്ര അതിനു ശേഷം ഞങ്ങൾ എത്തിച്ചേർന്നതിദ്രക്ക് അൽപ്പം ആശ്വാസം നൽകാനാണ്. NALNAD എന്ന ഹോട്ടലിൽ105 നമ്പറുള്ള മുറിയായിരുന്നു ഞങ്ങളുടേത്. എല്ലാവിധ സൗകര്യങ്ങളുമുള്ള നല്ല മുറിയായിരുന്നു. bathroom facilities, ബാൽക്കണി, A/c, tv തുടങ്ങിയവ അവിടെ ഉണ്ടായിരുന്നു. ഞങ്ങൾ ഏഴുപേരാണ് ഒരു മുറിയിലുണ്ടായിരുന്നത്. ഞങ്ങൾ എല്ലാവരും കുളിച്ച്പ്രാർത്ഥന കഴിഞ്ഞപ്പോൾ സമയം ഒരു മണി. ഞങ്ങൾ ദൈവത്തെധ്യാനിച്ച് കിടന്നു.

ഞങ്ങളുടെ പഠനയാത്രയുടെ ഒന്നാംദിവസം അങ്ങനെ

അവസാനഘട്ടത്തിൽ.എത്തിച്ചേർന്നു ഞങ്ങളെല്ലാം നിദ്രയിൽ ആണ്ടു. എല്ലാവരും എഴുന്നേറ്റുപ്രഭാതകർമ്മങ്ങൾക്കുശേഷം ഞങ്ങളുടെ അടുത്തലകഷ്യത്തിലേക്ക്നീങ്ങാൻ തയാറായി.6.30 യോടെ ഞങ്ങൾ ഹോട്ടലിൽനിന്നും പുറപ്പെട്ടു.അന്നത്തെ പ്രഭാതഭകഷണമായി പൂരിയും ഗ്രീൻപീസ് കറിയും അകത്താക്കിയ ശേഷം എല്ലാവിധ കൈയ്യടി ആരവങ്ങളോടുകൂടി ഞങ്ങളുടെ ലക്ഷ്യമായ ബാഗ്ലൂരിലെ വണ്ടർലഅമ്യൂസ്മെന്റ് പാർക്കിലേക്കുള്ള യാത്രതിരിച്ചു.അതിന്റെ സന്തോഷം കൊണ്ടാകണം എല്ലാവരും ബസ്സിറങ്ങുന്നത് വരെ ഡാൻസ് കളിച്ചിരുന്നു.ഏകദേശം 11.30 യോടെ ഞങ്ങൾ ലക്ഷ്യ സ്ഥാനത്ത് എത്തിച്ചേർന്നു.ഞങ്ങളുടെ വസ്ത്രങ്ങൾ മാറ്റി പോളീസ്റ്റർ ഡ്രസ്സ് അണിയുകയും റൈഡുകളിലേക്ക് പാഞ്ഞുകയറി. ഞങ്ങൾ monkey folk,crazy wagon,big tower,3d cinema,horour cage,lucky train,rop way എന്നീ റൈഡുകളിൽ കയറി. 2 മണിയോടെ ഞങ്ങൾ അധ്യാപകർ നിർദേശിച്ചിരുന്ന റെസ്റ്റോറന്റിൽ എത്തിച്ചേർന്നു. തിരിച്ചിറങ്ങി ബസ്സിൽ കയറി. ബാംഗ്ലൂർ സിറ്റിയുടെ ഭംഗി ആസ്വദിക്കുന്നതിനായി ഞങ്ങൾ മെട്രോയിൽ കയറി വളരെ രസകരമായിരുന്നു ആ യാത്ര. ശേഷം spell മാൾ മുഴുവനും ചുറ്റി. എല്ലാവരും ഉറക്കം തൂങ്ങുന്നത് കണ്ടു. പിന്നെ ബസ്സിൽ കയറി സീറ്റിൽ ഇരുന്ന് കുളിർക്കാറ്റ് ഞങ്ങളെ നിദ്രാദേവിയുടെ അടുക്കൽ എത്തിച്ചു.രാവിലെ 6.15 നോടെ ബസ്സ് മുത്തങ്ങ ചെക്ക്പോസ്റ്റ് കടത്തിവിട്ടു.

രണ്ട് ദിവസം പെട്ടന്നാണ് പോയത് . ക്ലാസ്സ്മുറികളിൽ ഗൗരവം കാണിച്ച അധ്യാപകർ ഞങ്ങളെ വല്ലാതെ സ്നേഹിക്കുന്നതായി ഈ യാത്രയിലൂടെ മനസ്സിലായി. സഹപാഠികൾ ഇറങ്ങിത്തുടങ്ങി. എല്ലാവരുടേയും മുഖങ്ങളിലും വിഷാദം തുളുമ്പി ദുഃഖത്തിനുപിന്നിൽ വേറെ ഒരു കാരണവും ആകാം -അതെന്തെന്നാൽ മറ്റന്നാളുമുതൽ ആ പഴയതലപുകഞ്ഞ ആലോചനകൾക്കും പരീകഷകൾക്കും , ചൂടുനിറഞ്ഞക്ലാസ്സുറികളിലേക്കും പോകണമലോ എന്ന് ചിലർ ഓർത്തിട്ടുമാകാം..................



**നന്ദന പി.എസ്, 10.സി**

# വറുതിക്കൊരു ശമനം

മഴ പട്ടുനൂൽ പോലെ പെയ്തിറങ്ങി.... വരണ്ടുണങ്ങി നീറിപ്പുകയുന്ന മണ്ണിന്റെ ഹൃദയത്തിലേക്ക്. മണ്ണ് മഴയെ ആനന്ദത്തോടെ ഏറ്റുവാങ്ങി. ചേമ്പിലകളിൽ തട്ടി മഴത്തുള്ളികൾ പവിഴമുത്തുകൾ പോലെ പൊട്ടിച്ചിതറി. ഓടുംപുറത്ത് വീഴുന്ന മഴത്തുള്ളികളുടെ ശബ്ദം ആസ്വദിച്ചുകൊണ്ട് കിങ്ങിണി പൂച്ച അടുപ്പിൻ ചുവട്ടിൽ സ്ഥാനമുറപ്പിച്ച് ഉറക്കമായി. പിറ്റേന്ന് മഴ തോർന്നു. കൊമ്പുകുലുക്കി വന്ന കരികൊമ്പൻമാർക്കു പിന്നിൽ നിന്ന് സൂര്യൻ ചെറുതായി ഒന്നു തലപൊക്കി. ഇലകളിൽ തങ്ങിനിന്ന വെള്ളതുള്ളികൾ സൂര്യന്റെ അരുണകിരണങ്ങളാൽ രത്നങ്ങൾ പോലെ തിളങ്ങി. ചാത്തൻ ആ കുടിലിനു പുറത്തിറങ്ങി . അവന്റെ കരുത്തുറ്റ കാൽപ്പാദങ്ങൾ മണ്ണിൽ പതിഞ്ഞു. നനഞ്ഞ മണ്ണിന്റെ തണുപ്പ് ആ തിളച്ചുമറിയുന്ന മനസ്സിനെ ശാന്തമാക്കി. ആ നിർവികാരങ്ങളായ കണ്ണുകൾക്ക് പുതു ജീവൻ നൽകി. "എട്യേ നാന് പോണ്".അയാൾ വിളിച്ചു പറഞ്ഞു. മം........ കുടിലിൽ നിന്ന് ഒരു ചെറുമൂളൽ പുറത്തുവന്നു. ചാത്തൻ പാടവരമ്പത്തുകൂടെ നടന്നു നീങ്ങി. അയാൾ ആകാശത്തേക്കു നോക്കി .മഴ വീണ്ടും പെയ്തു തുടങ്ങി. "എന്റെ തമ്പിരാനെ.....ഏന് ഇന്ന് വേല കിട്ടീലേല്......"ചാത്തൻ സ്വയം പറഞ്ഞു. മഴ ശക്തിയാർജിച്ചു വന്നു. അന്ന് ചാത്തന് ഒരിടത്തും ജോലി കിട്ടിയില്ല. പലയിടത്തും അലഞ്ഞുതിരിഞ്ഞ് ചാത്തൻ വളരെ വൈകിയാണ് വീട്ടിലെത്തിയത്."എട്യേ നീലി നാനാ കത തൊറ".നീലി പതിയെ വന്ന് വാതിൽ തുറന്നു. ചാത്തന്റെ മുഖത്തുനിന്ന്അവൾ എല്ലാം വായിച്ചെടുത്തു. പട്ടിണി ആ കൊച്ചു കുടുംബത്തിന് ഒരു പുതിയ കാര്യമായിരുന്നില്ല. വരാനിരുന്ന നീണ്ടനീണ്ട പട്ടിണിക്കാലത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട് ആ കുടുംബം രാത്രി തള്ളിനീക്കി. മഴ വീണ്ടും വീണ്ടും ശക്തി വീണ്ടെടുത്തുകൊണ്ടിരുന്നു.

ദിവസങ്ങളോളം മഴ നിർത്താതെ പെയ്തു. സന്താനങ്ങളുടെ ശിരസ്സു ഞെരിച്ചുകൊല്ലുന്ന സ്ഥിരച്ചിത്തയില്ലാത്തൊരമ്മയെപ്പോലെ, ഒരു രാക്ഷസിയെപ്പോലെ അട്ടഹസിച്ച്,യക്ഷിയെപ്പോലെ മാദക നൃത്തം ചെയ്ത് കലിതാണ്ഡവമാടുകയാണ്. ചാത്തനും നീലിയും ഉമ്മറത്തിറങ്ങി ഒന്നു ചുറ്റും നോക്കി. വലിയ സാഗരത്തിനു നടുവിൽ ദിശയറിയാതെ വലയുന്ന ഒരു ചെറുതോണിപോലെ അവരുടെ കൊച്ചു കുടിൽ. എല്ലായിടവും കടലുപോലെ കരയേത് പുഴയേത് എന്ന് അറിയാത്ത അവസ്ഥ. ഭൂമിയിൽ പച്ച അവശേഷിക്കുന്നുണ്ടെന്ന് ഓർമ്മിപ്പിക്കാനെന്നോണം അവിടിവിടെയായി പടുകൂറ്റൻ മരങ്ങൾ തലയുയർത്തി നിന്നു. “പെരേല് ചക്കക്കുരുവേ ഉള്ളു. ഇച്ചിരി കഞ്ഞികുടിക്കാൻ കയ്യൂല”. നീലി വിഷണ്ണയായി പറഞ്ഞു. “നമ്മള് അധികം പട്ടിണി കെടക്കേണ്ടി വരൂല,നീയ് സമാധാനിക്ക് ”.ചാത്തൻ നീലിയെ സമാധാനിപ്പിക്കാനായി പറഞ്ഞു.“എന്റെ തമ്പിരാക്കന്മാരെ........” നീലി മനസ്സിൽ പറഞ്ഞു.

പുരയിലുണ്ടായിരുന്ന ചക്കക്കുരു വറുത്ത് കഴിച്ച് ആ കുടുംബത്തിന്റെ അന്നത്തെ അത്താഴം കഴിഞ്ഞു. കിങ്ങിണി പൂച്ചയും അതുതന്നെ കഴിച്ചു.മണ്ണെണ്ണ വിളക്കിലെ വെട്ടമണച്ച് ആ കുടുംബത്തിലെ മൂന്നു പേരുറക്കമായി. രാത്രിയുടെ നിശബ്ദതയിൽ മഴയുടെ താളത്തിനപ്പുറത്ത് എന്തോ ഭീമാകരമായ ശബ്ദം അവർ കേട്ടു. വരാനിരിക്കുന്നത് മുൻകൂട്ടി കണ്ടെന്നോണം കിങ്ങിണി പൂച്ച യജമാനന്റെ കാലിനടുത്ത് വന്ന് കണ്ണിറുക്കി കിടന്നു. നീലി ചാത്തന്റെ ബലിഷ്ഠമായ ശരീരത്തോട് ചേർന്നു കിടന്നു. ചാത്തൻ അവളെ തന്റെ ഹൃദയത്തോട് ചേർത്ത് പിടിച്ചു. ആ രാത്രി പുലർന്നപ്പോൾ ആ കുടിലിനു സ്ഥാനത്ത് ഒരു പുഴ രൂപപെട്ടു. ചാത്തന്റെയും നീലിയുടേയും ഓർമ്മ അവശേഷിപ്പിച്ച് ആ പുഴ കുത്തിയൊഴുകികൊണ്ടിരുന്നു.



**അനുപം വൈശാഖി എസ്സ്,10.ഡി**

**ജയശ്രീ ഹയർ സെക്കണ്ടറി സ്ക്കൂളിലെ,**
**ഈ വർഷത്തെ സ്ക്കൂൾ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ ഞങ്ങൾക്ക് താങ്ങും തണലുമായി നിന്ന എല്ലാവർക്കും സ്നേഹപൂർവ്വം നന്ദി ..........................**



## ലിറ്റിൽ കൈറ്റ്സ്

# Jayasree HSS Kalluvayal
# Unit No.LK/2018/15041
# Wayanad